## അദ്ധ്യായം ഒന്ന്

# ദേശീയപ്രസ്ഥാനത്തിന്റെ ചരിത്രം

ഭാരതീയരുടെ ദേശീയബോധം, രാഷ്ട്രീയഘടനയിലല്ല, സംസ്കാരത്തിലാണ് അധിഷ്ഠിതമായിരിക്കുന്നത്. ഭാരതസംസ്കാരമാവട്ടെ, നിത്യപരിണാമിയായ ഒരു സാമൂഹിക പ്രതിഭാസവുമാണ്. ദേശഭേദം, ഋതുഭേദം, ഭാഷാഭേദം, വർഗഭേദം, ആചാരഭേദം, വിശ്വാസഭേദം എന്നിങ്ങനെ അനവധി വിഭിന്നതകളോടെ നിലനില്ക്കുന്ന ഐക്യമാണു ഭാരതസംസ്കാരത്തിന്റെ അന്ത:സത്ത.

ഇൻഡ്യയുടെ വിശാലതയും വൈവിദ്ധ്യവും വൈചിത്ര്യവും മൂലം ഭാരതത്തിന്റെ ദേശീയതയെ സംബന്ധിച്ച് പണ്ഡിതൻമാർക്ക് ചിന്താക്കുഴപ്പം സംഭവിച്ചിട്ടുണ്ട്. വൈവിദ്ധ്യങ്ങൾക്കെല്ലാം അതീതമായി നിലനിന്ന അന്ത:ശ്രുതാമിയായ ഏകഭാവം ഒറ്റനോട്ടത്തിൽ കണ്ടെത്തുവാൻ കഴിഞ്ഞെന്നു വരില്ല. "ഇൻഡ്യാക്കാർ ദേശീയത എന്ന വികാരം ഒരിക്കലും അറിഞ്ഞിട്ടില്ല" എന്നു മാക്സ്മുള്ളർ പ്രസ്താവിച്ചതു[1] ഇക്കാരണത്താലാവണം. "അതിവിസ്തൃതി കൊണ്ട് ആർക്കും കൈകാര്യം ചെയ്വാൻ ബുദ്ധിമുട്ടുളവാക്കുന്ന ഒരു രാജ്യം, അതിലെ ജനങ്ങൾ വരണ്ട മണൽത്തരികൾ പോലെ യോജിപ്പില്ലാത്തവരായിരുന്നു" എന്ന് മറ്റൊരു ചരിത്രകാരനായ ജോൺ മോറിസന്റെ നിരീക്ഷണവും[2] വികലമായ ധാരണയുടെ ഫലമത്രേ. പാശ്ചാത്യപണ്ഡിതൻമാർ മാത്രമല്ല, ഭാരതീയചരിത്രകാരൻമാരിൽ ചിലരും ഈ ചിന്താഗതി പുലർത്തുന്നുണ്ട്. ഇൻഡ്യൻ ദേശീയത ഒരു ആധുനിക പ്രതിഭാസമാണ്" എന്ന് ഏ. ആർ. ദേശായി[3] പ്രസ്താവിക്കുന്നത് ഒരുദാഹരണം. "ബ്രിട്ടീഷുകാരുടെ ഭരണവ്യവസ്ഥയിലും ലോകശക്തികളുടെ സ്വാധീനത്തിലും ഇൻഡ്യൻ സമുദായത്തിൽ തന്നെയുണ്ടായ ആത്മനിഷ്ഠവും വ്യക്തിനിഷ്ഠവുമായ അനേകം ശക്തികളുടെയും ഏടകങ്ങളുടെയും പരസ്പര പ്രവർത്തനത്തിന്റെ ഫലമായാണ് ബ്രിട്ടീഷു

കാരുടെ കാലത്ത് ഇൻഡ്യയിൽ ദേശീയത ഉടലെടുക്കുന്നത്" എന്നദ്ദേഹം കരുതുന്നു.[4]

എന്നാൽ, ബ്രിട്ടീഷ്ഭരണകാലത്തിനും എത്രയോ മുൻപുതന്നെ ഭാരത ഖണ്ഡത്തെപ്പറ്റിയുള്ള വിശാലദർശനം ഇവിടെ നിലനിന്നിരുന്നു. സഹസ്രാബ്ദങ്ങളായി നിലനിന്നുപോരുന്നതാണ് ഭാരതത്തിന്റെ ഐക്യം എന്ന ഉൺമ. അത് ഇൻഡ്യയുടെ മൗലികശക്തിയുമാണ്. വൈവിദ്ധ്യങ്ങളും വൈചിത്ര്യങ്ങളും ഈ ഐക്യത്തിന് കരുത്തും ഭംഗിയും പകരുന്നതേയുള്ളു.

'ഭാരതവർഷം' എന്ന ഏകരാഷ്ട്ര വാചിയായ പേര് പൗരാണിക കാലം മുതൽ ഭാരതീയർക്കു പരിചിതമാണ്. വടക്ക് ഹിമാലയം മുതൽ തെക്ക് സമുദ്രം വരെയുള്ള ഭൂവിഭാഗങ്ങൾ പുരാണങ്ങളിൽ പരാമൃഷ്ടമായി കാണുന്നു. "ആസേതുഹിമാചലം" ഭാരതത്തെ മുഴുവൻ അധീനത്തിലാക്കുവാൻ ആഗ്രഹിച്ചിരുന്ന രാജാക്കൻമാരെക്കുറിച്ചും പരാമർശങ്ങളുണ്ട്. 'ആസമുദ്രക്ഷിതീശതാം' രാജാക്കൻമാരുടെ മഹത്വത്തിനു മാനദണ്ഡമായിരുന്നു[5] എന്നു രഘുവംശ പരാമർശം വ്യക്തമാക്കുന്നു. പില്ക്കാലത്ത് മുഗൾചക്രവർത്തിമാരും ബ്രിട്ടീഷുകാരും ഇൻഡ്യാ ഭൂഖണ്ഡത്തിൻമേൽ അധീശത്വം ഉറപ്പിക്കുവാൻ മാതൃകയാക്കിയതും ഈ സങ്കല്പം തന്നെയാണ്.

ഒരു കേന്ദ്രീകൃത ഭരണത്തിന്റെ അഭാവത്തിലും ഭാരതവർഷം എന്ന സങ്കല്പം സുഭദ്രമായിരുന്നു. വിഭിന്നതകൾ കൊണ്ട് വിഘടിതമായി കാണപ്പെട്ടിരുന്നപ്പോഴും ജനങ്ങളുടെ സങ്കല്പത്തിലെ ഭാരതം അവിഭക്തമായി നിലകൊണ്ടു. ഭാരതത്തിലെ നദികൾ, പർവ്വതങ്ങൾ, തീർത്ഥസ്ഥലങ്ങൾ, ആരാധനാലയങ്ങൾ, പുരാണപുരുഷൻമാർ എന്നിവയെല്ലാം ആസേതുഹിമാചലമുള്ള സകലർക്കും ആരാദ്ധ്യങ്ങളായിരുന്നു.

സിന്ധു, ഗംഗ, യമുന തുടങ്ങിയ ഉത്തരദേശീയ നദികൾക്കൊപ്പം ദക്ഷിണദേശത്തെ നർമ്മദ, ഗോദാവരി, കാവേരി മുതലായ നദികളെയും പുണ്യനദികളായി ഭാരതീയർ കരുതിപ്പോന്നു.

ഹിമാലയം ഭാരതത്തിന്റെ അഭിമാനമായി തലയുയർത്തി നില്ക്കുന്നു എന്നു ദാക്ഷിണാത്യരും കരുതുന്നു. അതേ സമയം ദാക്ഷിണാത്യ പർവതങ്ങളായ സഹ്യനും മലയനും കുലപർവ്വതങ്ങളുടെ കൂട്ടത്തിൽപെടുന്നു.

ഉത്തരകൈലാസം മുതൽ ദക്ഷിണകന്യാകുമാരി വരെ അവധി തീർത്ഥാടനകേന്ദ്രങ്ങളെ ഭാരതീയർ ഒരുപോലെ പുണ്യസ്ഥാനങ്ങളായി കരുതിപ്പോരുന്നു.

ഭാഷകളുടെ ബാഹുല്യം ഭാരതത്തിന്റെ സവിശേഷതകളിലൊന്നാണ്. പ്രാദേശിക ഭാഷകളുടെ വൈവിധ്യം ജനങ്ങളെ വേർതിരിക്കുംപോൾ തന്നെ, വ്യവഹാരഭാഷ അല്ലാതിരുന്ന സംസ്കൃതം ഭാരതീയരെ സമന്വയിപ്പിക്കുന്ന ശക്തിയായി നിലകൊണ്ടു. സംസ്കൃതം സമസ്ത പ്രാദേശികഭാഷകൾക്കും പോഷകശക്തിയുമായി. സംസ്കൃത സാഹിത്യത്തിലൂടെ പ്രകാശിതമായ ദാർശനികവും വൈജ്ഞാനികവും തത്വചിന്താപരവുമായ മണ്ഡലങ്ങൾ ഏകഭാരതം എന്ന ആദർശത്തെ ശക്തീകരിച്ചു. കാളിദാസാദി സംസ്കൃതകവികൾ ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ ജീവിച്ചിരുന്നവരാണെങ്കിലും, ഭാരതീയകവികളായാണ് അറിയപ്പെട്ടത്. ഈ കവികളുടെ ജന്മസ്ഥലങ്ങളുടെ അപ്രധാനത, സംസ്കൃതഭാഷയുടെ പ്രാദേശികാതീതമായ മാനത്തെ സമർത്ഥിക്കുന്നു.

ഭാരതത്തിന്റെ അഖണ്ഡത പ്രതീയമാനമാകുന്ന കൃതികളാണ് വാല്മീകി രാമായണവും വ്യാസമഹാഭാരതവും. രണ്ടു കവികളും ഭാരതീയമായ സമഗ്ര

ദർശനം പുലർത്തിയിരുന്നതിനാൽ അവരുടെ കൃതികളിൽ ഭാരതം മുഴുവൻ ഉള്ളടങ്ങി. ഈ ഐതിഹാസിക കാവ്യങ്ങളെ ഉപജീവിച്ച് വിവിധഭാഷകളിലുണ്ടായ കൃതികളും ഭാരതീയരെ ഏകീകരിച്ചു.

പുരാണേതിഹാസങ്ങളെപ്പോലെ ഉപനിഷത്തുകളും ഭാരതത്തിന്റെ ഐക്യം പ്രരൂഢമാക്കി. ജ്യോതിഷം, വൈദ്യം. വ്യാകരണം തുടങ്ങിയ വൈജ്ഞാനിക ശാഖകളിലുണ്ടായ സംസ്കൃതഗ്രന്ഥങ്ങളും ഭാരതത്തിന്റെ ഐക്യത്തെ ദൃഢീകരിച്ചു.

ഭാരതസംസ്കാരം ആദിമഘട്ടം മുതല്ക്കേ ആദ്ധ്യാത്മികമായിരുന്നു. സമസ്തചരാചരങ്ങളെയും ഏക ചൈതന്യത്തിന്റെ പരിസ്ഫുരണങ്ങളായി കാണുന്ന ഒരു ദർശനം ഭാരതീയ സംസ്കാരത്തെ അനന്യമാക്കുന്നു. ഈ ദാർശനികത ഭാരതീയമായ ഒരു മാനുഷികതയെ തേടിയെടുക്കുന്നു. അതുകൊണ്ട് അന്യമതങ്ങളെയും അംഗീകരിക്കുവാൻ ഭാരതീയർക്കു കഴിഞ്ഞു.

ഹിന്ദുമതം ബ്രാഹ്മണാധിപത്യം കൊണ്ടും ആചാരജടിലതകൊണ്ടും അപചയത്തിലേക്കു നീങ്ങിയപ്പോൾ, ഭാരതത്തിന്റെ ആദ്ധ്യാത്മികതയെ വീണ്ടെടുക്കുവാൻ ബുദ്ധമതം ഉദയംകൊണ്ടു. ഹിന്ദു ദുരാചാരങ്ങളെ സാമൂഹിക ജീവിതത്തിലും നവചൈതന്യമാകുവാൻ ബുദ്ധമതത്തിനു സാധിച്ചു. ഭാരതീയകലകൾക്കും ശാസ്ത്രങ്ങൾക്കും ചികിത്സാ സമ്പ്രദായത്തിനും വാസ്തുവിദ്യക്കും വിദ്യാഭ്യാസത്തിനും ഉത്കർഷമേകുവാൻ ബുദ്ധമതം സമർത്ഥമായി. ഭാരതത്തിലുടനീളം വ്യാപിച്ച ബുദ്ധമതം ആദ്ധ്യാത്മികമായ ഏകീഭാവത്തെ പുന: പ്രതിഷ്ഠിച്ചു.

ബുദ്ധമതത്തെ സ്വാംശീകരിച്ചുകൊണ്ട് ഹിന്ദുമതം ഒരുതിരിച്ചു വരവിനുള്ള കരുത്തുനേടി. തൻമൂലം ബുദ്ധമതം ക്ഷയിച്ചെങ്കിലും അതിൻെറ മുദ്രകൾ ഹിന്ദുമതത്തിൽ നിലനിന്നു. ഈ നവോത്ഥാനത്തിൻെറ മുഖ്യനായകനായിരുന്ന ശങ്കരാചാര്യർ ബുദ്ധമതതത്വങ്ങളിലെ ആദ്ധ്യാത്മികതയെ ഹിന്ദുമതതത്വങ്ങളുമായി സമന്വയിപ്പിച്ചു.

ഭാരതീയ സംസ്കാരത്തിൻെറ സമന്വയനം എന്ന സഹജഭാവം സഹിഷ്ണുതയുടെയും പരസ്പരധാരണയുടെയും പാരംപര്യം നിലനിർത്തുകയുണ്ടായി. തൻമൂലം ലോകത്ത് മറ്റൊരിടത്തും ദൃശ്യമാകാത്ത മതസഹിഷ്ണതയും സാമൂഹിക സഹവർത്തിത്വവും ഇവിടെ നിലനിന്നു. ഹിന്ദു, ബുദ്ധ, ജൈനമതക്കാരോടൊപ്പം മുസ്ളീങ്ങളും, ക്രിസ്ത്യാനികളും, യഹൂദരും, പാഴ്സികളും പരസ്പരസ്നേഹത്തോടെ പുലർന്നുപോന്നു.

മുഗൾസാമ്രാജ്യത്തിൻെറ അധഃപതനത്തോടെ നാട്ടുരാജാക്കൻമാരിടയിലുണ്ടായ കിടമത്സരം ഭാരതത്തിൽ ആധിപത്യമുറപ്പിക്കുവാൻ ബ്രിട്ടീഷുകാർക്ക് കളമൊരുക്കി. വ്യാപാരതാല്പര്യങ്ങളിലായിരുന്നു, അവർക്കെപ്പോഴും കണ്ണ്. വ്യാപാരം സുഗമമായി നടത്തുവാൻ സ്ഥാപിച്ച ഭരണകൂടം ഇൻഡ്യൻ സമ്പദ് വ്യവസ്ഥയെ തകിടം മറിച്ചു.

ആസേതുഹിമാചലം കേന്ദ്രീകൃതഭരണത്തിൻ കീഴിലാക്കുവാൻ ബ്രിട്ടീഷുകാർക്കു സാധിച്ചത് പല ഘട്ടങ്ങളിലായാണ്. വ്യാപാരതാല്പര്യങ്ങൾ മാത്രമുണ്ടായിരുന്ന ബ്രിട്ടീഷ് ഈസ്റ്റ്ഇൻഡ്യാകംപനിയുടെ രംഗപ്രവേശമാണ് ഒന്നാം ഘട്ടം. ഇൻഡ്യയിൽ നിന്ന് വസ്തുക്കൾ വാങ്ങി യൂറോപ്യൻ കംപോളങ്ങളിൽ വില്പന നടത്തുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിച്ച ഈസ്റ്റ് ഇൻഡ്യാ കംപനിക്ക് വാണിജ്യരംഗത്ത് കുത്തകനേടുവാൻ സാധിച്ചു.

രണ്ടാംഘട്ടത്തിൽ ഈസ്റ്റ് ഇൻഡ്യാ കംപനി ഭരണപരമായ കാര്യങ്ങളിൽ ഇടപെടുവാൻ തുടങ്ങുന്നു. നാട്ടുരാജ്യങ്ങളെ അങ്ങിങ്ങായി കടിഞ്ഞാണിടാൻ തുടങ്ങിയ കംപനി, അവർ നിശ്ചയിച്ച വിലയ്ക്കു് ഇൻഡ്യയിലെ ഉല്പന്നങ്ങൾ വാങ്ങി യൂറോപ്പിലെത്തിച്ചു ലാഭമുണ്ടാക്കി. ഇൻഡ്യയിലെ കരകൗശലോല്പന്നങ്ങൾ ഇത്തരത്തിൽ ഈസ്റ്റ് ഇൻഡ്യാ കംപനിക്കു് നേട്ടമുണ്ടാക്കിയെങ്കിലും യൂറോപ്പിൽ വ്യവസായ വിപ്ളവത്തെ തുടർന്നു് അവയുടെ വിപണനം നിരോധിക്കപ്പെട്ടു. ഇൻഡ്യയിൽ കരകൗശലവിദഗ്ദ്ധരെ പരിരക്ഷിച്ച നാട്ടുരാജാക്കൻമാരുടെ പ്രാഭവം അസ്തമിക്കുകയും ഈസ്റ്റ് ഇൻഡ്യാകംപനി ഈ കലാകാരൻമാരെ കൈവിടുകയും ചെയ്തതോടെ ഇൻഡ്യൻ കരകൗശലമേഖല തകരുവാൻ തുടങ്ങി. ഇംഗ്ളണ്ടിലെ വ്യവസായയുഗത്തിന്റെ പുരോഗതിയാണു് മൂന്നാംഘട്ടത്തിന്റെ പശ്ചാത്തലമായതു്. വൻകിട വ്യവസായങ്ങൾക്കു വേണ്ട അസംസ്കൃതപദാർത്ഥങ്ങൾ ലഭ്യമാകുക, ഉല്പന്നങ്ങൾക്കു വിപണികണ്ടെത്തുക എന്നീ രണ്ടു കാര്യങ്ങളിലാണല്ലോ വ്യവസായങ്ങളുടെ നിലനില്പു്. ബ്രിട്ടീഷുകാർ ഭാരതത്തിൽ സുലഭമായ അസംസ്കൃതപദാർത്ഥങ്ങൾ ഉപയോഗിച്ചുണ്ടാക്കിയ ഫാക്ടറി ഉല്പന്നങ്ങൾ ഭാരതത്തിൽത്തന്നെ വിറ്റഴിച്ചു. ഈ ഉല്പന്നങ്ങൾ തകർന്നുകൊണ്ടിരുന്ന ഇൻഡ്യയുടെ കരകൗശലമേഖലയെ പൂർണ്ണമായി സംഹരിച്ചു. അങ്ങനെ കൃഷിയെമാത്രം ഉപജീവിക്കുവാൻ സാധാരണജനങ്ങൾ നിർബന്ധിതരായി. മുഴുവനാളുകളും കാർഷികവൃത്തിയെ ആശ്രയിച്ചപ്പോൾ അതും അനാദായകരമായി. ഭരണകൂടത്തിന്റെ വിമുഖത പട്ടിണിയും ദാരിദ്ര്യവും സാർവ്വത്രികമാക്കി.

ഇൻഡ്യയുടെ വിവിധഭാഗങ്ങളിൽ നിന്നു് അസംസ്കൃതവസ്തുക്കൾ ശേഖരിക്കുവാനും, സംസ്കരിച്ച ഉല്പന്നങ്ങൾ എല്ലായിടത്തും എത്തിക്കുവാനും ഗതാഗതസൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതാവശ്യമായി. തൽഫലമായി ഇൻഡ്യയിലെ

മുഖ്യനഗരങ്ങളെ ബന്ധിക്കുന്ന റെയിൽവേയുടെ നിർമ്മാണമാരംഭിച്ചു. ഇതാണ് അടുത്ത ഘട്ടം. റെയിൽവേയും കമ്പിത്തപാലും മുഖേന ഇൻഡ്യയിലെ വിവിധപ്രദേശങ്ങളെ തമ്മിൽ ബന്ധിക്കുവാൻ പത്തൊൻപതാംശതകത്തിന്റെ ഉത്തരാർദ്ധത്തിൽ ബ്രിട്ടീഷുകാർക്കു കഴിഞ്ഞു. ലക്ഷ്യം അപ്പോഴും വ്യാവസായികപുരോഗതി മാത്രമായിരുന്നു. ഈ ഘട്ടമാകുംപോഴേക്കും വിസ്തൃതമായ ഭാരതഭൂമി മുഴുവനും ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ കീഴിലമർന്നു കഴിഞ്ഞിരുന്നു.

ഇംഗ്ലീഷുകാരായ മിഷനറിമാർ ബംഗാളിലും മദ്രാസിലും വിദ്യാഭ്യാസ രംഗത്തു് സജീവരായി. 1793-ൽ കല്ക്കത്തയിലെത്തിയ വില്യം കേറിയെ പോലെ സമർപ്പിത ചേതസ്സുകളായ മിഷനറിമാർ രാജ്യത്തുടനീളം വിദ്യാഭ്യാസ സ്ഥാപനങ്ങളാരംഭിച്ചു. ക്രമേണ ബ്രിട്ടീഷ് ഗവൺമെന്റിനും ഇൻഡ്യയിലെ വിദ്യാഭ്യാസ മേഖലയെ അവഗണിക്കാൻ കഴിയാതെ വന്നു. 1854 ജൂലൈ 19-ാം തീയതി പുറപ്പെടുവിച്ച 'ഔദ്യോഗിക രേഖ'[6] ബ്രിട്ടീഷ് ഇൻഡ്യയിലെ വിദ്യാഭ്യാസ വ്യവസ്ഥയ്ക്കു് അടിത്തറയിട്ടു. ക്രമേണ രാജ്യത്തുടനീളം വിദ്യാലയങ്ങളും കോളേജുകളും ഉയർന്നുവന്നു.

ഈ ഇംഗ്ലീഷ് വിദ്യാഭ്യാസ സമ്പ്രദായം ദേശീയബോധത്തെ പരോക്ഷമായി സ്വാധീനിച്ചു. ഇംഗ്ലീഷ് സാഹിത്യപരിചയത്തിലൂടെ ഇൻഡ്യക്കാരുടെ വീക്ഷണത്തിലുണ്ടായ വ്യതിയാനത്തെ ഏ. ആർ. ദേശായി ഇങ്ങനെ വിലയിരുത്തുന്നു.

"ഇംഗ്ലീഷ് ജനകീയസാഹിത്യം പഠിക്കുകയും അതിലെ ജനകീയതത്വങ്ങളെ സ്വാംശീകരിക്കുകയും ചെയ്ത അഭ്യസ്തവിദ്യനായ ഇൻഡ്യാക്കാരൻ വ്യക്തിയെ

അടിമയാക്കുകയും സ്വതന്ത്രമായ ഉദ്യമങ്ങളെ അടിച്ചമർത്തുകയും ചെയ്യുന്ന അനുശാസനപരമായ സാമൂഹ്യസിദ്ധാന്തങ്ങൾ, ജാതി തുടങ്ങിയ പൊയ്പോയ കാലത്തെ പിൻതിരിപ്പൻ സാമൂഹ്യപ്രസ്ഥാനങ്ങളോടും ലോകവീക്ഷണത്തോടും എതിരിടുന്നതിനു പ്രചോദിതനായി. ജനകീയാടിസ്ഥാനത്തിലുള്ള ഇൻഡ്യൻ ജനതയുടെ ഒരു സ്വതന്ത്ര ദേശീയാസ്തിത്വത്തിന്റെ അടിസ്ഥാനത്തിൽ അവൻ ചിന്തിക്കുകയും ചെയ്തു".[7]

ഇൻഡ്യയുടെ പ്രാക്തന സംസ്കാരത്തെ കണ്ടെത്തുവാനെത്തിയ യൂറോപ്യൻ പണ്ഡിതൻമാരുടെ സംഭാവനകൾ നിസ്തുലമാണ്. ബ്രിട്ടീഷ് ഭരണമേധാവികൾ പ്രചരിപ്പിച്ചതുപോലെ ഭാരതം ഒരു അപരിഷ്കൃതരാജ്യമല്ലെന്നും പുരാതന ഗ്രീക്ക് റോമൻ സംസ്കാരങ്ങളെ അതിശയിക്കുന്ന മഹത്വം അതിനുണ്ടെന്നും അവരുടെ ഗവേഷണങ്ങൾ വെളിപ്പെടുത്തി. മാക്സ്മുള്ളർ, സർ വില്യം ജോൺസ്, ഗ്രിഫിത്ത് തുടങ്ങിയവരുടെ അഭിദർശനങ്ങൾ ഇൻഡ്യയിലെ അഭ്യസ്തവിദ്യരിൽ തീവ്രമായ ദേശാഭിമാനമുളവാക്കി. ഭാരതത്തിന്റെ ഭൂതകാലമഹിമകളെക്കുറിച്ച് അജ്ഞരായി കഴിഞ്ഞ ഭാരതീയരിൽ ഒരു നവചൈതന്യം പ്രസരിച്ചുതുടങ്ങി.

ഇൻഡ്യയിലുടനീളമുള്ള അഭ്യസ്തവിദ്യരുടെ ആശയവിനിമയ മാധ്യമമായി, ഇംഗ്ലീഷ്ഭാഷ. ഇങ്ങനെ ഇംഗ്ലീഷ് ഭാഷയും അതിലൂടെ സംലബ്ധമായ ആശയങ്ങളും ഇൻഡ്യൻദേശീയ പ്രസ്ഥാനത്തിന് അനുകൂല ഭൂമിക ഒരുക്കി.

ഇൻഡ്യൻ ദേശീയനവോത്ഥാനം മതപരമായിരുന്നു. ഹിന്ദുമത പരിഷ്കരണവാദങ്ങളും നവോത്ഥാന ശ്രമങ്ങളും രാഷ്ട്രീയ സ്വാതന്ത്ര്യത്തിലേക്ക് പാതകളായി.

പോർട്ടുഗീസ്, ഡച്ച് ആധിപത്യകാലത്തു തന്നെ ധാരാളം ക്രൈസ്തവ മിഷനറിമാർ ഇൻഡ്യയുടെ പല ഭാഗങ്ങളിൽ പ്രവർത്തിച്ചിരുന്നു. ഭാരതത്തെയും ഭാരതീയരെയും സ്നേഹിക്കുവാൻ ഇവിടുത്തെ ജനങ്ങളും നാട്ടുവാഴികളും പ്രേരണ നല്കി. ബ്രിട്ടീഷ് ആധിപത്യകാലത്ത്, മിഷനറിപ്രവർത്തനങ്ങൾക്ക് നവോജ്ജീവനം കൈവന്നു. അച്ചടി, പ്രബോധനം, പത്രപ്രവർത്തനം തുടങ്ങിയ മേഖലകളിലേക്കുള്ള ഇവരുടെ വ്യാപനം ഭാരതത്തിന്റെ സാമൂഹിക പരിവർത്തനത്തിന് സഹായമായി.

നാട്ടുഭാഷകളുടെ പഠനത്തിലേർപ്പെട്ട മിഷനറിമാർ വ്യാകരണഗ്രന്ഥങ്ങളും നിഘണ്ടുകളും വൈജ്ഞാനികഗ്രന്ഥങ്ങളും രചിച്ചും അച്ചടിയുടെ പ്രചാരണം കൊണ്ടും നാട്ടുഭാഷകളെ വികസ്വരമാക്കി.

ഗ്രാമാന്തരങ്ങളിൽപോലും വിദ്യാലയങ്ങൾ സ്ഥാപിച്ച് വിദ്യാഭ്യാസം സാർവ്വത്രികമാക്കുവാൻ മിഷനറിമാർക്കു സാധിച്ചു. അതിന്റെ ഫലമായി അഭ്യസ്തവിദ്യരുടെ പുതിയൊരു തലമുറ വളർന്നുവന്നു. ഈ ദൃശ പ്രവർത്തനങ്ങൾ ഹിന്ദുമതത്തിൽ നൂതനമായ ചിന്താഗതികൾ പ്രചരിക്കുവാൻ സഹായകമായി.

പാശ്ചാത്യസംസ്കാരത്തിന്റെ നന്മകളുടെ സ്വാംശീകരണത്തിന്റെ ഫലമായ വിചാരവിപ്ലവത്തിന് തുടക്കം കുറിച്ചത് രാജാറാം മോഹൻറോയി ആയിരുന്നു. 'ഇൻഡ്യയിലെ ആദ്യത്തെ ആധുനികമനുഷ്യനായും'[8] 'ദേശീയ നവോത്ഥാനത്തിന്റെ ആദ്യത്തെ പ്രമുഖനേതാവായും, ആധുനിക ഇൻഡ്യയുടെ ദേശീയവാദത്തിന്റെ പിതാവായും'[9] അദ്ദേഹത്തെ ചരിത്രകാരൻമാർ വിശേഷിപ്പിക്കുന്നു.

ക്രൈസ്തവ-ഇസ്ലാം മതങ്ങൾ റാം മോഹൻറോയിയെ ആകർഷിച്ചുവെങ്കിലും ഹൈന്ദവപാരമ്പര്യത്തിൽ അഭിമാനം കൊണ്ടിരുന്ന അദ്ദേഹം സതി, ശൈശവ വിവാഹം, ബഹുഭാര്യത്വം തുടങ്ങിയ ആചാരങ്ങളെ ശക്തിയായി വിമർശിച്ചു. സതിക്കെതിരായി അദ്ദേഹം നടത്തിയ പ്രക്ഷോഭമാണ് 1829-ൽ ബെൻറിക്പ്രഭു സതീസമ്പ്രദായം നിരോധിക്കുവാൻ ഇടയാക്കിയത്. സ്വത്തവകാശത്തിൽ സ്ത്രീപുരുഷ സമത്വത്തിനു വേണ്ടിയും അദ്ദേഹം വാദിച്ചു. അന്ധവിശ്വാസങ്ങളും അനാചാരങ്ങളുമില്ലാത്ത, മനുഷ്യസാഹോദര്യത്തിലടിയുറച്ച ഒരു മതമായി ഹിന്ദുമതത്തെ രൂപപ്പെടുത്തുകയായിരുന്നു. റാം മോഹൻറോയിയുടെ ലക്ഷ്യം.

മതപരമായ പരിഷ്കരണങ്ങൾ ലക്ഷ്യമാക്കി 1828-ൽ റാം മോഹൻ റോയി ബ്രഹ്മസമാജം സ്ഥാപിച്ചു. യാഥാസ്ഥിതികർ ശക്തിയായി എതിർത്തുവെങ്കിലും ബംഗാളിലെ പ്രഗത്ഭരായ വ്യക്തികളെയും ബുദ്ധിജീവികളെയും അതു് ആകർഷിച്ചു. ഹിന്ദുമതത്തിന്റെ അടിസ്ഥാനതത്വങ്ങളിൽ ഉറച്ചുനിന്നുകൊണ്ടു് മതപരവും സാമൂഹികവുമായ പരിഷ്കരണങ്ങൾക്കു നേതൃത്വം നല്കുകയാണു് റാം മോഹൻ റോയ് ചെയ്തതു്.

രവീന്ദ്രനാഥടാഗോറിന്റെ പിതാവായ ദേവേന്ദ്രനാഥ ടാഗോർ ആണു് റാം മോഹനുശേഷം ബ്രഹ്മസമാജത്തെ നയിച്ചതു്. 'തത്വബോധിനി പത്രിക' എന്ന പ്രസിദ്ധീകരണവും അദ്ദേഹം ആരംഭിച്ചു. താമസിയാതെ സംഘടനയിലുണ്ടായ പിളർപ്പുകൾ മൂലം ബ്രഹ്മസമാജത്തിനു് ശക്തി നഷ്ടപ്പെട്ടു. എങ്കിലും സാമൂഹികപരിഷ്കരണത്തിനുള്ള ആദ്യസംരംഭമെന്ന നിലയിൽ ബ്രഹ്മസമാജത്തിന്റെ പ്രവർത്തനങ്ങൾ അവിസ്മരണീയമത്രേ. 'വ്യക്തി സ്വാതന്ത്ര്യം, ദേശീയൈക്യം, സ്ത്രീ സ്വാതന്ത്ര്യം, ആധുനിക വിദ്യാഭ്യാസം

തുടങ്ങിയ അംശങ്ങൾ കോളനി മേധാവിത്വത്തിനും നാടുവാഴിത്ത ബന്ധങ്ങൾക്കുമെതിരായ ദേശീയ നവോത്ഥാനത്തിന്റെ ശക്തികൾക്ക് ഉത്തേജനവും പ്രോത്സാഹനവും നല്കുന്നവയായിരുന്നു. പിന്നീടുണ്ടായ രാഷ്ട്രീയപ്രക്ഷോഭങ്ങളുടെ അടിത്തറയുറപ്പിക്കാൻ അവ സഹായിച്ചു."[10]

ബ്രഹ്മസമാജത്തിന്റെ സ്വാധീനം ബംഗാളിനു പുറത്തും വ്യാപിച്ചു. അങ്ങനെ, 1867-ൽ ബോംബെയിൽ പ്രാർത്ഥനാസമാജം രൂപീകൃതമായി. മഹാദേവഗോവിന്ദ റാനഡേ സ്ഥാപിച്ച ഈ സംഘടനയുടെ പ്രധാന പരിപാടികൾ ജാതിഭേദങ്ങൾ അവസാനിപ്പിക്കുക, വിധവാവിവാഹം നടപ്പിൽ വരുത്തുക, സ്ത്രീവിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക, ശൈശവ വിവാഹം തടയുക എന്നിവയായിരുന്നു.

പാശ്ചാത്യരീതിയിലുള്ള പരിഷ്കരണങ്ങൾ ഇന്ത്യയുടെ സാമൂഹിക രാഷ്ട്രീയ പ്രശ്നങ്ങൾക്കു പരിഹാരമാകുമെന്ന ചിന്താഗതി പ്രചരിച്ചപ്പോൾ, അതിനു വിരുദ്ധമായി ഇന്ത്യയുടെ പ്രാക്തന സംസ്കാരത്തിന്റെ പുനഃസ്ഥാപനമാവശ്യപ്പെട്ടവരുടെ സംഘടനയാണ് ആര്യസമാജം. 1875-ൽ ബോംബെയിൽ സ്വാമിദയാനന്ദസരസ്വതി സ്ഥാപിച്ച ആര്യസമാജം 'വേദങ്ങളിലേക്കു മടങ്ങുവാൻ, ജനങ്ങളെ ആഹ്വാനം ചെയ്തു.

എന്നാൽ നിലവിലിരുന്ന ഹിന്ദുമതത്തെ അതേപടി നിലനിർത്തുവാനല്ല, അദ്ദേഹം ശ്രമിച്ചത്. ബഹുദൈവാരാധന, വിഗ്രഹാരാധന, ബ്രാഹ്മണമേധാവിത്വം, ജാതിവ്യത്യാസം, ശൈശവ വിവാഹം, വൈധവ്യവിധികൾ എന്നിവയെ തിന്മകളായി അദ്ദേഹം കണ്ടു. ചുരുക്കത്തിൽ ഹിന്ദുമതത്തിൽ വലിയൊരു ഉണർവുണ്ടാക്കുവാൻ ആര്യസമാജത്തിനു കഴിഞ്ഞു.

പാശ്ചാത്യ സംപ്രദായങ്ങളെ അന്ധമായി അനുകരിക്കുകയോ സങ്കുചിതമായ യാഥാസ്ഥിതികത്വം പുലർത്തുകയോ ചെയ്യാതെ മതപരിഷ്കരണക്രമങ്ങളിൽ ഏറ്റവും സജീവവും പുരോഗമനപരവുമായ പങ്കുവഹിച്ചതു് ശ്രീരാമകൃഷ്ണമിഷനാണു്.

ശ്രീരാമകൃഷ്ണപരമഹംസർ, ഹിന്ദുമതത്തിലെയും, ക്രിസ്തുമതത്തിലെയും ഇസ്ലാംമതത്തിലെയും അംശങ്ങളെ സമന്വയിപ്പിച്ചു. 1857-ലെ ലഹളയെത്തുടർന്നു് ഇന്ത്യയിലെ വിവിധജനവിഭാഗങ്ങളെ തമ്മിൽ ഭിന്നിപ്പിക്കുവാൻ ബ്രിട്ടീഷുകാർ ബോധപൂർവ്വം ശ്രമിച്ചപ്പോൾ, എല്ലാ മതങ്ങളും ഏകലക്ഷ്യോന്മുഖങ്ങളാണെന്നു് ഉദ്ബോധിപ്പിച്ചു്, ഭാരതത്തിന്റെ വൈകാരികൈക്യം നിലനിർത്തി, പരമഹംസർ. മനുഷ്യനെ അവഗണിക്കുന്ന ഈശ്വരസേവയെ അദ്ദേഹം നിരാകരിച്ചു. മനുഷ്യസേവനം ഈശ്വരാരാധനയ്ക്കു തുല്യമായദ്ദേഹം കരുതി. വിദ്യാലയങ്ങളും ആതുരാലയങ്ങളും സ്ഥാപിച്ചും സാമൂഹിക പരിഷ്കരണശ്രമങ്ങളിലേർപ്പെട്ടും മനുഷ്യസേവനത്തിന്റെ ഉദാത്തമാതൃകകൾ ശ്രീരാമകൃഷ്ണൻ ശിഷ്യന്മാർക്കു കാണിച്ചുകൊടുത്തു.

ശ്രീരാമകൃഷ്ണൻ ലോകത്തിനു നല്കിയ ഏറ്റവും വിശിഷ്ടമായ സംഭാവന അദ്ദേഹത്തിന്റെ ശിഷ്യനായ സ്വാമി വിവേകാനന്ദനാണു്. ഗുരുവിന്റെ നിര്യാണത്തിനുശേഷം അഞ്ചുവർഷം ഭിക്ഷാംദേഹിയായി ഭാരതത്തിലുടനീളം സഞ്ചരിച്ച വിവേകാനന്ദൻ ഭാരതീയരുടെ ശക്തിദൗർബല്യങ്ങൾ നേരിട്ടറിഞ്ഞു. അവരുടെ ആത്മവിശ്വാസം വളർത്തുകയാണു് അടിയന്തിരമായി ചെയ്യേണ്ടതെന്നദ്ദേഹം മനസ്സിലാക്കി. ഭയത്തിൽ നിന്നും ദൗർബല്യങ്ങളിൽ നിന്നും അന്ധവിശ്വാസങ്ങളിൽ നിന്നും മോചനം നേടുവാനദ്ദേഹം ആഹ്വാനം ചെയ്തു. ആത്മീയാനുഭൂതികൾക്കൊപ്പം ഭൗതിക ജീവിതാവശ്യങ്ങളെയും അദ്ദേഹം പരിഗണിച്ചു.

ഭാരതത്തിൻെറ പൂർവ്വകാലമഹത്ത്വത്തെ കണ്ടെടുത്തുകയും വർത്തമാനകാലയാഥാർത്ഥ്യങ്ങളെ അംഗീകരിച്ചുകൊണ്ടു് അവയുടെ നേരെ ഭാരതീയരുടെ ശ്രദ്ധതിരിക്കുകയും ചെയ്യുവാൻ സ്വാമിവിവേകാനന്ദനു സാധിച്ചു.

'ഭാരതത്തിൻെറ ഭാവി' എന്ന പ്രസംഗത്തിൽ അദ്ദേഹം വ്യക്തമാക്കുന്നു.

"ഭാവി ഉടലെടുക്കുന്നതു ഭൂതകാലങ്ങളിൽ നിന്നാണു്. അതുകൊണ്ടു്, എത്രത്തോളം പിന്നോട്ടുപോകാമോ അത്രത്തോളം നോക്കുക. പിന്നിലുള്ള ആ വറ്റാത്ത ഉറവിടങ്ങളിൽ നിന്നു നിറയെ കുടിക്കുക. എന്നിട്ടു മുന്നിലേക്കു നോക്കുക. മുന്നോട്ടു നടക്കുക. ഭാരതത്തെ മുൻപെന്നുമിരുന്നതിനെക്കാൾ, കൂടുതൽ പ്രകാശമാനവും മഹത്തും ഉത്കൃഷ്ടവുമാക്കുക. നമ്മുടെ പൂർവ്വികർ മഹാൻമാരായിരുന്നു. അതു നാം ആദ്യമോർക്കണം. നമ്മുടെ അസ്തിത്വത്തിൻെറ ഘടകങ്ങൾ, നമ്മുടെ ധമനികളിലോടുന്ന രക്തം ഏതെന്നു ധരിക്കണം. ആ രക്തത്തിൽ നമുക്കു വിശ്വാസം വരണം. കഴിഞ്ഞകാലങ്ങളിലെ അതിൻെറ ചെയ്തികളിലും വിശ്വാസം വരണം. ആ വിശ്വാസത്തിൽ നിന്നു്, ഉണ്ടായിരുന്ന മഹത്ത്വത്തെപ്പറ്റിയുള്ള ബോധത്തിൽ നിന്നുവേണം മുൻപത്തേതിനേക്കാൾ വൻപിച്ച ഒരു ഭാരതം പടുത്തു കെട്ടുവാൻ."[11]

ഉപനിഷത്തുകളേയും ഭഗവത്ഗീതയേയുമെല്ലാം കാലാനുസൃതമായി വ്യാഖ്യാനിച്ചു ഭാരതീയരെ കർമ്മവൈമുഖ്യത്തിൽ നിന്നും ആലസ്യത്തിൽ നിന്നും ഉണർത്തി, സ്വാമിവിവേകാനന്ദൻ. "ഉപനിഷത്തുകളിലെയും ഗീതയിലെയും മന്ത്രങ്ങൾ തൻെറ താരസ്വരത്തിൽ വിവേകാനന്ദൻ പുനരാ

വിഷ്കരിച്ചപോൾ സുപ്തനായ ഭാരതീയന്റെ അന്തരംഗത്തിൽ ചില വീര്യസ്പന്ദങ്ങൾ ഉളവാകുക തന്നെ ചെയ്തു."[12]

1875-ൽ അമേരിക്കയിൽ മദാംബ്ലാവാട്സ്കി ആരംഭിച്ച തിയോസഫിക്കൽ സൊസൈറ്റി 1886-ൽ ഇൻഡ്യയിലും പ്രവർത്തനമാരംഭിച്ചു. മിസ്സിസ് ആനിബസന്റ് ഇൻഡ്യയിലെ പ്രവർത്തനങ്ങൾക്കു നേതൃത്വം നല്കി. ഹിന്ദുമതപരിഷ്കരണ പ്രവർത്തനങ്ങൾക്ക് അവർ വളരെ പ്രാധാന്യം കല്പിച്ചിരുന്നു. ഇൻഡ്യയുടെ പ്രാചീനാദർശങ്ങൾ പുനരുദ്ധരിച്ചാൽ പല പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാകുമെന്ന് ആനിബസന്റ് കരുതി. ഈ ഉദ്ദേശത്തോടെയാണ് ബനാറസ്സിൽ ഹിന്ദുസ്കൂൾ സമാരംഭിച്ചത്. കാലാന്തരത്തിൽ ഇത് ബനാറസ് ഹിന്ദു സർവ്വകലാശാലയായി. ബ്രഹ്മവിദ്യയിലധിഷ്ഠിതമായ ഹിന്ദുമതദർശനം പ്രചരിപ്പിച്ചു, മിസ്സിസ് ബസന്റ്. "ഇടത്തരക്കാരായ ഹിന്ദുക്കളിൽ ആത്മീയവും ദേശീയവുമായ ചൈതന്യം വളർത്താൻ മിസിസ് ആനി ബസന്റിന്റെ സ്വാധീനം പര്യാപ്തമായിരുന്നു"[12] എന്ന് ജവാഹർലാൽ നെഹ്റു അനുസ്മരിക്കുന്നതു ശ്രദ്ധേയമാണ്.

ദേശീയതയ്ക്ക് ആത്മീയപരിവേഷം നല്കിയ ശ്രീ അരവിന്ദഘോഷിനെയും (1872-1950) ഇവിടെ അനുസ്മരിക്കണം.

"ഭാരതീയ സമുദായത്തെ ആത്മീയാദർശങ്ങളുടെ അടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കാനാണ് ശ്രീ അരവിന്ദൻ യത്നിച്ചത്. ഭൗതികവും സാംസ്കാരികവും സാമൂഹികവുമായുള്ള ഭാരതത്തിന്റെ ജീവിതം അതിന്റെ ആത്മീയോന്നമനത്തിനു വഴിതെളിക്കണമെന്നും അങ്ങനെ ഭാരതം ലോകത്തിനു മാർഗദർശനം നല്കണമെന്നും അദ്ദേഹം ആഗ്രഹിച്ചു."[14]

ഗാന്ധിജിക്കു തന്റെ അഹിംസാസിദ്ധാന്തം വ്യക്തമായി രൂപപ്പെടുത്തുവാനും നിസ്സഹകരണപ്രസ്ഥാനം വിജയമാക്കുവാനും ശ്രീ അരവിന്ദന്റെ രാഷ്ട്രീയചിന്തയും രാഷ്ട്രീയപ്രവർത്തനവും വലിയൊരളവിൽ സഹായമായി. 'പൂർണസ്വരാജ്' എന്ന ലക്ഷ്യത്തിൽ കുറഞ്ഞ യാതൊന്നുകൊണ്ടും തൃപ്തിപ്പെടില്ല എന്നു പ്രഖ്യാപിച്ച ശ്രീ അരവിന്ദൻ ആശ്രമജീവിതത്തിന്റെ ഏകാന്തമൗനത്തിലേക്കു് പിൻവാങ്ങിയെങ്കിലും 'ആത്മീയദേശീയത' എന്ന ആശയത്തിന്റെ ചൈതന്യം അവശേഷിപ്പിച്ചിരുന്നു.

ചുരുക്കത്തിൽ, മതനവീകരണ പ്രസ്ഥാനങ്ങളുടെ രൂപത്തിൽ ശക്തി പ്രാപിച്ച ആത്മീയതയാണു് ദേശീയപ്രസ്ഥാനത്തിന്റെ അടിത്തറ. പ്രൊഫസർ സുകുമാർ അഴീക്കോട് അതിനെ സംഗ്രഹിക്കുന്നു:

"പത്തൊൻപതാം നൂറ്റാണ്ടു തൊട്ട് ഇൻഡ്യയിൽ പ്രവർത്തിച്ചുകൊണ്ടിരുന്നതും ഇന്നും അവസാനിച്ചിട്ടില്ലാത്തതുമായ ആ നവോത്ഥാന മഹാശക്തിയുടെ ചരിത്രപരമായ പ്രകടനത്തിൽ രാഷ്ട്രീയതയിൻമേൽ ആത്മീയതയ്ക്കുള്ള ആത്യന്തികമായ അതിപ്രസരം വെളിവായി കാണാൻ കഴിയും. ഈ ശക്തി ആദ്യമായി പ്രകടിതമായതു് ബ്രഹ്മസമാജത്തിലൂടെയാണെന്നു പറയാം. ഇൻഡ്യയുടെ സമുദായ ജീവിതത്തിലെ ന്യൂനതകളെ ബഹിഷ്കരിക്കുവാനുള്ള ഒരു സുധീരപരിപാടി സമാജം ആരംഭിച്ചു. പാരതന്ത്ര്യത്തിന്റെ വിഷബാധയേറ്റു മരവിച്ചു കിടന്ന ഭാരതത്തിന്റെ പ്രഥമചലനം അങ്ങനെയുണ്ടായി. പിന്നെ ചലനത്തോടു ചലനം ആയിരുന്നു. മറ്റൊരു വശത്തു് ആര്യസമാജം ഉയർന്നു. ഈ രണ്ടു സമാജങ്ങളെക്കാൾ ഇൻഡ്യയുടെ ആത്മാവിനെ പിടിച്ചുണർത്തിയതു് ശ്രീരാമകൃഷ്ണപരമഹംസരും വിവേകാനന്ദനും ആയിരുന്നു.

'ഇൻഡ്യൻ നാഷനൽ കോൺഗ്രസിന്റെ രാഷ്ട്രീയ സന്ദേശം ആളുകൾ ശ്രവിച്ചു തുടങ്ങിയത് ഇവരുടെ ആത്മീയസന്ദേശം ശ്രവിച്ചതിനുശേഷമായിരുന്നു. ഇവയില്ലായിരുന്നെങ്കിൽ കോൺഗ്രസിന്റെ സന്ദേശം കുറച്ചു ദശാബ്ദങ്ങൾ കൂടി കഴിഞ്ഞാൽ മാത്രമേ ജനങ്ങൾ കേൾക്കുവാൻ സന്നദ്ധരാകുമായിരുന്നുള്ളു. ഇൻഡ്യൻ ദേശീയത്വത്തിന്റെയും രാഷ്ട്രീയത്വത്തിന്റെയും അരുണോദ നാം ദർശിക്കുന്നത് ഈ ആത്മീയസംഘടനകളിലും മഹാത്മാക്കളിലുമാണ്."[15]

റാം മോഹൻറോയിയെ പിന്തുടർന്നു സാമുദായിക പരിഷ്കരണശ്രമങ്ങൾക്കു നേതൃത്വം നല്കി, ഈശ്വരചന്ദ്ര വിദ്യാസാഗർ. 'വിദ്യാസാഗർ പലവിധത്തിലും റാം മോഹൻ റോയിയുടെ നേരിട്ടുള്ള പരമ്പരയിൽപെട്ട ആളായിരുന്നു' എന്നു സർദാർ കെ.എം. പണിക്കർ രേഖപ്പെടുത്തുന്നു.[16] സ്ത്രീവിദ്യാഭ്യാസത്തിനുവേണ്ടി വിദ്യാസാഗർ നടത്തിയ പരിശ്രമങ്ങൾ വിധവാവിവാഹം സംബന്ധിച്ച നിയമനിർമ്മാണങ്ങൾക്കും പ്രേരകമായി.

1874-ൽ അലിഗഢ് മുസ്ലീം കോളേജ് സ്ഥാപിച്ച സർ സെയ്ദ് അഹമ്മദ്ഖാൻ മുസ്ലീമുകളെ വിദ്യാസമ്പന്നരാക്കുവാൻ സഹായിച്ചു.

സുരേന്ദ്രനാഥബാനർജി 1876-ൽ സ്ഥാപിച്ച ഇൻഡ്യൻ അസോസിയേഷൻ സുശക്തമായ ഒരു പ്രസ്ഥാനമായിരുന്നു. ഇൻഡ്യയൊട്ടാകെ സഞ്ചരിച്ച് ഒരു പ്രഭാഷണങ്ങളിലൂടെ അദ്ദേഹം ജനങ്ങളെ ഉദ്ബുദ്ധരാക്കി.

ആനന്ദമഠം എന്ന നോവലിലൂടെ (1882) 'വന്ദേമാതരം' എന്ന ദേശഭക്തിഗാനത്തിനു പ്രചാരം നല്കിയ ബങ്കിംചന്ദ്ര ചാറ്റർജിയും സ്മരണീയനാണ്.

ബ്രിട്ടീഷ്ഭരണകൂടത്തിന്റെ നാനാവിധമായ ചൂഷണങ്ങളെപ്പറ്റി ജനങ്ങൾ ബോധവാന്മാരായതോടൊപ്പം, അങ്ങിങ്ങായി കലാപങ്ങൾ പൊട്ടിപ്പുറപ്പെട്ടു. 1816-ലെ ബറേലി കലാപം, 1831-ലെ കോലെ ലഹള, 1831-ൽ ബംഗാളിലെ ബറാസത്തിൽ ഉടലെടുത്ത ഫറാസി എന്ന മുസ്ലീം പ്രസ്ഥാനം, 1855-ലെ സന്താൾ ലഹള മുതലായവ ശ്രദ്ധേയങ്ങളാണ്. 1857-ലെ ശിപായിലഹളയാണ് ഇത്തരം കലാപങ്ങളിൽ ഏറ്റവും ചരിത്രപ്രസിദ്ധം 'സാർവ്വത്രികമായിരുന്ന വിദേശവിരോധത്തെ ഉപയോഗപ്പെടുത്തി ഫ്യൂഡൽ നേതാക്കളും അനുയായികളും നേതൃത്വം നല്കിയ ഒരു വിസ്ഫോടനമായിരുന്നു, ഈ കലാപം."[17]

ഒരു ബഹുജനപ്രസ്ഥാനമായി മാറിയ ലഹള ബ്രിട്ടീഷുകാർ അടിച്ചമർത്തിയെങ്കിലും, ഇത്തരം സംഭവങ്ങൾക്കുള്ള സാദ്ധ്യതകൾ ഒഴിവാക്കുവാനവർ ശ്രമമാരംഭിച്ചു. അഭ്യസ്തവിദ്യരും പുരോഗമനവാദികളുമായ നേതാക്കൾക്ക് ആശയപ്രകാശന സ്വാതന്ത്ര്യം അനുവദിച്ചു. 'ശിപായിലഹള'യെ അടിച്ചമർത്തുന്നതിൽ മുഖ്യപങ്കു വഹിച്ച ഏ.ഒ. ഹ്യൂം എന്ന സിവിൽ സർവ്വീസ് ഉദ്യോഗസ്ഥൻ ഇൻഡ്യൻ ദേശീയവാദികളെ ഒന്നിപ്പിക്കുന്ന ചുമതല ഏറ്റെടുത്തു. 1885 ഡിസംബർ 28-ാം തിയതി ബോംബെയിൽ വച്ച് ഇൻഡ്യയുടെ വിവിധഭാഗങ്ങളിൽ നിന്നുള്ള പ്രതിനിധികളുടെ ഒരു യോഗം നടത്തി. ബ്രിട്ടീഷ് ഭരണത്തിൻ കീഴിൽ ആദ്യമായി നടന്ന രാഷ്ട്രീയ സമ്മേളനമായിരുന്നു, അത്. ഇൻഡ്യാചരിത്രത്തിൽ ഇത് ഒരു സുപ്രധാന സംഭവമായിരുന്നു.[18] ഇൻഡ്യൻ ദേശീയതയുടെ രാഷ്ട്രീയമുഖം ഇൻഡ്യൻ നാഷനൽ കോൺഗ്രസിലൂടെ തെളിഞ്ഞുവന്നു. മതനവീകരണ പ്രസ്ഥാനങ്ങളും പുരോഗമനാശയങ്ങളും ഉണർത്തിയ പരിവർത്തനദാഹവും ബ്രിട്ടീഷ് ഭരണത്തോടുള്ള അമർഷവും ഈ പുതിയ പ്രസ്ഥാനത്തിലൂടെ സമൂർത്തത നേടി.

ഭരണമാററത്തിനു വേണ്ടിയുണ്ടായ ലഹളകൾ ഒഴിവാക്കണമെന്നും, മററു മാർഗങ്ങൾ കണ്ടെത്തണമെന്നും ആഗ്രഹിച്ചവർക്കു് പുതിയപ്രസ്ഥാനം വേദിയൊരുക്കി. അങ്ങനെ ഇൻഡ്യൻ നാഷണൽ കോൺഗ്രസ് അഖിലേന്ത്യാ വ്യാപ്തിയുള്ള ഒരു ദേശീയപ്രസ്ഥാനമായിത്തീർന്നു.

1889-ൽ ബോംബെയിൽ ചേർന്ന അഞ്ചാം കോൺഗ്രസ് സമ്മേളനത്തിലാണു് ഗോപാലകൃഷ്ണഗോഖലെയും ലോകമാന്യബാലഗംഗാധര തിലകനും ആദ്യമായി പങ്കെടുക്കുന്നതു്. സാമ്പത്തിക ശാസ്ത്രജ്ഞനായ ഗോഖലെയും പണ്ഡിതനായ തിലകനും ഡക്കാൻ എഡ്യൂക്കേഷനൽ സൊസൈററിയിൽ ഒരുമിച്ചു് പ്രവർത്തിച്ചിരുന്നു. 'എല്ലാവർക്കും വിദ്യാഭ്യാസം' എന്നതായിരുന്നു സൊസൈററിയുടെ ലക്ഷ്യം. ഗോഖലെ ഇൻഡ്യയുടെ സ്വയംഭരണം ലക്ഷ്യമാക്കിയപ്പോൾ, 'സ്വരാജ്' ഓരോ ഇൻഡ്യാക്കാരൻെറയും ജൻമാവകാശമാണെന്നു് തിലകൻ പ്രഖ്യാപിച്ചു. തിലകൻ ജയിലിൽ കഴിയുംപോൾ രചിച്ച 'ഗീതാരഹസ്യം' എന്ന ഭഗവത്ഗീതാ വ്യാഖ്യാനം അദ്ദേഹത്തിൻെറ ദേശാഭിമാനത്തെ സാക്ഷ്യപ്പെടുത്തുന്നു. തത്വചിന്താപരമെന്നതിനേക്കാളധികം ദേശീയതാസാഹിത്യമായി കരുതപ്പെടേണ്ട കൃതിയാണതു്.[19]

1905 ജൂലൈ 20-ന് ബംഗാൾ വിഭജനം പ്രഖ്യാപിച്ചതോടെ ബ്രിട്ടീഷ് വിരുദ്ധവികാരം ശക്തിപ്പെടുകയും കോൺഗ്രസിനു് ത്വരിതഗതിയിൽ വളർച്ചയുണ്ടാവുകയും ചെയ്തു. ഗാന്ധിജി ഇതേപ്പററി പിന്നീടു് ഹിന്ദ് സ്വരാജിൽ എഴുതിയതു് 'ബംഗാൾ വിഭജിച്ച ദിവസം ബ്രിട്ടീഷ് സാമ്രാജ്യത്തിൻെറ വിഭജനദിനമാണു്' എന്നായിരുന്നു.[20]

വിഭജനവിരുദ്ധ പ്രക്ഷോഭകാലത്തു് സ്വരാജ്, സ്വദേശി, ബഹിഷ്കരണം, ദേശീയ വിദ്യാഭ്യാസം എന്നീ മുദ്രാവാക്യങ്ങൾ മുഴങ്ങി. തിലകൻ ഈ പരിപാടികൾക്കു ശക്തിയായ പ്രചാരണം നല്കി. ദാദാഭായ് നവറോജിയും മറ്റു മിതവാദി നേതാക്കളും അതിനെ അനുകൂലിക്കുകയും ചെയ്തു. ദേശീയനേതാക്കളെല്ലാം അണിനിരന്ന ഈ പ്രക്ഷോഭത്തിന്റെ നേതൃനിരയിൽ രവീന്ദ്രനാഥടാഗോറും ഉണ്ടായിരുന്നു. 'വന്ദേമാതരം' ഈ സമരത്തിന്റെ മുദ്രാവാക്യമായി. 'സ്വദേശി'യുടെ ഭാഗമായി ചർക്കയിൽ നൂൽ നൂല്ക്കുവാനും തുടങ്ങി.

1911 ഡിസംബറിൽ ബംഗാൾ വിഭജനം റദ്ദാക്കി. തലസ്ഥാനം കല്ക്കത്തയിൽ നിന്നു് ദൽഹിയിലേക്കുമാറ്റിക്കൊണ്ടു് പ്രഖ്യാപനമുണ്ടായി. ബംഗാൾ വിഭജനം റദ്ദായെങ്കിലും സമരം സ്വാതന്ത്ര്യത്തിനുള്ള സമരമായി തുടർന്നു.

1914-ൽ തിലകൻ ഹോംറൂൾ ലീഗ് സ്ഥാപിച്ചു. ആനിബസന്റ് മദ്രാസിലും ഹോംറൂൾ ലീഗിനു നേതൃത്വം നല്കി. 1915-ൽ ഹോംറൂൾ ലീഗ് കോൺഗ്രസിൽ ലയിച്ചു. ശ്രീമതി ബസന്റ് മോചിതയായപ്പോൾ കോൺഗ്രസ് പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു.

"ശ്രീമതി ബസന്റ് അസ്താചലത്തെ സമീപിച്ചു കൊണ്ടിരിക്കുംപോൾ, ചംപാരണിൽ മോഹൻദാസ് കർമ്മചന്ദ്രഗാന്ധി, നീലംകൃഷിക്കാരുടെ ബുദ്ധിമുട്ടുകൾക്കെതിരേ സമരം നടത്തിക്കൊണ്ടു് ഇൻഡ്യൻ രാഷ്ട്രീയ നഭോമണ്ഡലത്തിൽ ഉദിച്ചുയർന്നു കഴിഞ്ഞിരുന്നു."[21]

ലോകമഹായുദ്ധത്തിൽ ഇംഗ്ളീഷുകാർ തുർക്കിക്കെതിരായി നിലകൊണ്ടതിനാൽ ഇൻഡ്യയിലെ മുസ്ളീമുകൾക്ക് ബ്രിട്ടീഷുകാരോട് വിരോധമുണ്ടായിരുന്നു. ഗാന്ധിജി മുസ്ളീം സഹോദരങ്ങളുടെ വികാരങ്ങളിൽ പങ്കുചേർന്നു. ഖിലാഫത്ത് പ്രസ്ഥാനത്തിലൂടെ അവരുടെ അനുഭാവം നേടി. തിലകൻ അന്തരിച്ചതോടെ നേതൃത്വം പൂർണ്ണമായും ഗാന്ധിജിയിൽ വന്നുചേർന്നു.

1919 ഏപ്രിൽ 13-ന് അമൃത്സറിലെ ജാലിയൻവാലാബാഗിൽ സമ്മേളിച്ച ജനങ്ങളുടെ കൂട്ടക്കുരുതി സ്വാതന്ത്ര്യസമരത്തിലെ വിക്ഷോഭമായി. രാജ്യത്തിന്റെ മിക്ക ഭാഗങ്ങളിലും പ്രതിഷേധം ഉയർന്നു. രവീന്ദ്രനാഥടാഗോർ തനിക്കു ലഭിച്ചിരുന്ന 'സർ' സ്ഥാനം ഉപേക്ഷിച്ചു.

1920 ആഗസ്ത് 1-ന് തന്റെ സ്ഥാനമാനങ്ങളും സമ്മാനമുദ്രകളും ഗവൺമെന്റിനു മടക്കിക്കൊണ്ട് ഗാന്ധിജി വൈസറോയിക്കു കത്തയച്ചതു്, നിസ്സഹകരണപ്രസ്ഥാനത്തിനു നാന്ദിയായി.

ഗാന്ധിജിയെ അനുകരിച്ചുകൊണ്ട് അനേകം വക്കീലൻമാരും നീതിന്യായ ഉദ്യോഗസ്ഥരും രാജിവച്ചു. തങ്ങളുടെ ബഹുമതിമുദ്രകളും സ്ഥാനമാനങ്ങളും സർക്കാരിനു് തിരിച്ചേൽപ്പിച്ചു. വിദ്യാർത്ഥികൾ വിദ്യാലയങ്ങൾ ബഹിഷ്കരിച്ചു, അഭിഭാഷകർ കോടതികളും.

1921 ഡിസംബറിൽ അഹമ്മദാബാദിൽ ചേർന്ന കോൺഗ്രസ് സമ്മേളനം തന്റെ പിൻഗാമിയെ നിയമിക്കുന്നതുൾപ്പെടെയുള്ള സകല അധികാരവും സ്വാതന്ത്ര്യവും ഗാന്ധിജിയിൽ സമർപ്പിച്ചതോടെ ഭാരതജനതയുടെ നായകത്വം അദ്ദേഹത്തിനായത്തമായി.

സമരം ശക്തമായി തുടരുന്നതിനിടയിൽ 1921 ഫെബ്രുവരി 5-ന് ചൗരിചൗരയിൽ ജനക്കൂട്ടം പോലീസ് സ്റ്റേഷൻ ആക്രമിച്ചു. തുടർന്ന്, ഗാന്ധിജി സമരം പിൻവലിച്ചു. നിസ്സഹകരണപ്രസ്ഥാനത്തിന്റെ ശക്തികുറച്ചു കൊണ്ട് കർമ്മപരിപാടികൾക്ക് ആക്കം കൂട്ടുകയാണ് പിന്നീട് അദ്ദേഹം ചെയ്തത്.

ഗാന്ധിജിയുടെ നേതൃത്വം കോൺഗ്രസിന്റെ ഘടനയിൽ സമൂലമായ മാറ്റം വരുത്തി. അതൊരു ജനകീയ പ്രസ്ഥാനമായി മാറി. സമാധാനപൂർണ്ണമായ മാർഗ്ഗങ്ങളിൽ അടിയുറച്ച കർമ്മപരിപാടികൾ കോൺഗ്രസിന്റെ അടിസ്ഥാനവും ലക്ഷ്യവുമായിത്തീർന്നു എന്ന് ജവാഹർലാൽ നെഹ്റു അനുസ്മരിക്കുന്നുണ്ട്.[23]

ഗാന്ധിജിയെ അറസ്റ്റു ചെയ്യുവാൻ സർക്കാർ കാത്തിരിക്കുകയായിരുന്നു. സമരം തണുത്തുറഞ്ഞ ഘട്ടത്തിൽ അറസ്റ്റു ചെയ്താൽ പ്രക്ഷോഭമുണ്ടാവില്ല എന്നു കരുതി 1922 മാർച്ച് 13-ന് അറസ്റ്റ് ചെയ്ത് ആറു വർഷത്തെ തടവുശിക്ഷ നൽകി.

1927-ൽ സൈമൺ കമ്മീഷനെ ബഹിഷ്കരിച്ചുകൊണ്ട് രാജ്യത്തുടനീളം ഹർത്താലും പ്രതിഷേധപ്രകടനങ്ങളും നടന്നു. സർക്കാർ മർദ്ദനമുറകൾ കൊണ്ട് അവയെ നേരിട്ടു. പഞ്ചാബിൽ വച്ച് മർദ്ദനമേറ്റ് ലാലാ ലജ്പത്റായി 1928 നവംബർ 17-ന് അന്തരിച്ചു. ഉത്തരവാദിയായ പോലീസ് ഓഫീസർ വെടിയേറ്റു മരിച്ചു. ഇതിന്റെ പേരിൽ ഭഗത്സിംഗിനേയും സുഖ്ദേവിനേയും തൂക്കിലേറ്റി.

1929-ൽ ലാഹോറിൽ ചേർന്ന കോൺഗ്രസ് പൂർണ്ണസ്വാതന്ത്ര്യം എന്ന ആവശ്യം പ്രഖ്യാപിച്ചു. 1930 ജനുവരി 26 സ്വാതന്ത്ര്യദിനമായി ആഘോഷിക്കുവാനും നിശ്ചയിച്ചു. ഉപ്പുനിയമം ലംഘിച്ചുകൊണ്ട് ഗാന്ധിജി നിയമലംഘനപ്രസ്ഥാനമാരംഭിച്ചു. ദണ്ഡിയാത്രയും (1930 ഏപ്രിൽ 6) ഉപ്പുവരിക്കലും ചരിത്രസംഭവങ്ങളായി ലോകശ്രദ്ധ പിടിച്ചുപറ്റി.

മദ്യശാലകളും വിദേശവസ്ത്രശാലകളും പിക്കറ്റു ചെയ്യുക, വിദേശ വസ്ത്രങ്ങൾ ബഹിഷ്കരിക്കുക, വിദ്യാലയങ്ങൾ ബഹിഷ്കരിക്കുക, സർക്കാരുദ്യോഗങ്ങൾ രാജിവയ്ക്കുക എന്നിങ്ങനെയുള്ള പരിപാടികളോടെ സമരം ശക്തമായി. ഗാന്ധിജിയെ അറസ്റ്റു ചെയ്യുകയും വീണ്ടും വിട്ടയയ്ക്കുകയും ചെയ്തു. കോൺഗ്രസിനെ നിരോധിച്ചു. ഗാന്ധി-ഇർവിൻ സന്ധിയിൽ ഇന്ത്യയുടെ താല്പര്യങ്ങൾ സംരക്ഷിക്കയും തടവുകാരെ മോചിപ്പിക്കുകയും ചെയ്യാമെന്നു വ്യവസ്ഥയുണ്ടായതിനാൽ നിയമലംഘനം നിർത്തിവച്ചു. ഗാന്ധിജി വട്ടമേശ സമ്മേളനത്തിൽ പങ്കെടുക്കുവാൻ പോകുകയും (1931-ൽ) വർഗീയതയുടെ അടിസ്ഥാനത്തിലുള്ള വോട്ടെടുപ്പ് എന്ന ആശയത്തോടു വിയോജിച്ച് മടങ്ങി പ്പോരുകയും ചെയ്തു. വീണ്ടും മർദ്ദനമുറകൾ തുടരുകയും കോൺഗ്രസ് നിരോധിക്കപ്പെടുകയും ചെയ്തു. ഗാന്ധിജിയടക്കമുള്ള നേതാക്കൾ ബന്ധനസ്ഥരായി.

1935-ൽ പാസ്സായ ഇന്ത്യാഗവൺമെന്റ് നിയമം ഇന്ത്യയിൽ പുതിയ ഭരണസംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളടങ്ങിയതായിരുന്നു. അതനുസരിച്ച് സംസ്ഥാന നിയമസഭകളിലേക്കു തെരഞ്ഞെടുപ്പു നടന്നു.

1930-ൽ മുസ്ളീംലീഗിന്റെ സമ്മേളനം പ്രസിദ്ധ കവി മുഹമ്മദ് ഇക്ബാലിന്റെ നേതൃത്വത്തിൽ ചേർന്നു. പാകിസ്ഥാൻ എന്ന പരാമർശം ആദ്യമുണ്ടായതു് ഈ സമ്മേളനത്തിലാണു്. മുസ്ളീമുകളെയും ഹിന്ദുക്കളെയും തമ്മിൽ ഭിന്നിപ്പിക്കുവാൻ ബ്രിട്ടീഷുകാർ നടത്തിയ കുതന്ത്രങ്ങളുടെ പരിണതഫലമായിരുന്നു, ഇതു്. മുസ്ളീമുകളുടെ അസംതൃപ്തി സംഘടിതശക്തിയായി. 1934 മാർച്ച് 4-ന് ലീഗിന്റെ സമ്മേളനം ദൽഹിയിൽ ചേർന്ന് മുഹമ്മദലി ജിന്നയെ പ്രസിഡണ്ടായി തെരഞ്ഞെടുത്തതോടെ 'ജിന്നായുടെ' പ്രഭാവം ആരംഭിച്ചു. പിന്നീട്, ജിന്നയാണു് മുസ്ളീംലീഗിനെ പൂർണ്ണമായി നിയന്ത്രിച്ചതു്. 1940-ൽ ലാഹോറിൽ ചേർന്ന മുസ്ളീംലീഗ് സമ്മേളനം മുസ്ളീങ്ങൾക്കു് പാകിസ്ഥാനെന്ന പേരിൽ പ്രത്യേക രാഷ്ട്രം ലഭിക്കേണ്ടതാണെന്നു പ്രഖ്യാപിച്ചു.

1939-ലെ കോൺഗ്രസ് സമ്മേളനത്തിൽ അദ്ധ്യക്ഷപദം ലഭിച്ച സുഭാഷ്ചന്ദ്രബോസ് അഭിപ്രായവ്യത്യാസങ്ങളെ തുടർന്നു് കോൺഗ്രസിൽ നിന്ന കന്നു. ഗാന്ധിജിക്കും സുഭാഷിന്റെ ചിന്താഗതികളുമായി വിയോജിപ്പുണ്ടായിരുന്നു. സുഭാഷ്, 'ഫോർവേർഡ് ബ്ളോക്' എന്ന പുതിയ സംഘടന രൂപീകരിച്ചു, കോൺഗ്രസിൽ നിന്നു പുറത്താകയും ചെയ്തു. ഗാന്ധിജിയുടെ അഹിംസാത്മക പരിപാടികൾ അപ്രായോഗികമാണെന്നും ബ്രിട്ടനെതിരായി യുദ്ധം ചെയ്തു സ്വാതന്ത്ര്യം നേടണമെന്നുമായിരുന്നു സുഭാസ് ചന്ദ്രബോസിന്റെ വാദം. ജപ്പാന്റെ സഹകരണത്തോടെ വിജയം നേടാമെന്നും അദ്ദേഹം കരുതി.

അൻപതിനായിരം അംഗങ്ങളുള്ള സൈന്യത്തെ രൂപീകരിക്കുവാനും (ഐ. എൻ. എ.) കിഴക്കൻ ഏഷ്യയിലെ ഇൻഡ്യാക്കാരുടെ സഹകരണത്തോടെ 'ആസാദ് ഹിന്ദ് സർക്കാർ' സ്ഥാപിക്കുവാനും കഴിഞ്ഞു. എന്നാൽ തുടർന്നുണ്ടായ സംഭവവികാസങ്ങളും ജപ്പാന്റെ പരാജയവും നേതാജിയുടെ സ്വപ്നങ്ങളെ തകർത്തുകളഞ്ഞു.

1942-ൽ 'ഇംഗ്ലീഷുകാർ ഇൻഡ്യ' വിടുക എന്ന മുദ്രാവാക്യവുമായി ദേശീയപ്രക്ഷോഭണം ശക്തിയാർജിച്ചു. സമരം ആരംഭിക്കുന്നതിനു മുൻപു തന്നെ നേതാക്കൾ തടങ്കലിലായി. സമരത്തെ നിയന്ത്രിക്കുവാൻ നേതാക്കൾ ഇല്ലാതെ പലപ്പോഴും അത് അക്രമാസക്തമായി. അക്രമങ്ങളുടെ ഉത്തരവാദിത്വം ഗാന്ധിജിക്കാണ് എന്ന് വൈസ്രോയി പ്രഖ്യാപിച്ചപ്പോൾ പ്രായശ്ചിത്തമായി ഗാന്ധിജി 21 ദിവസത്തെ ഉപവാസമനുഷ്ഠിച്ചു.

1945-ൽ രണ്ടാം ലോകമഹായുദ്ധം അവസാനിച്ചു. യുദ്ധാനന്തരം ക്ലമന്റ് ആറ്റ്ലിയുടെ നേതൃത്വത്തിലുള്ള തൊഴിലാളി കക്ഷി ബ്രിട്ടനിൽ അധികാരമേറ്റതോടെ ഇൻഡ്യൻ പ്രശ്നത്തിന് പരിഹാരം കണ്ടെത്തണം എന്ന ചിന്താഗതിയുണ്ടായി. മൂന്നംഗങ്ങളുള്ള ക്യാബിനറ്റ് മിഷൻ ഇൻഡ്യയിലെത്തി ചർച്ച നടത്തി. അവിഭക്ത ഭാരതത്തിനു വേണ്ടി കോൺഗ്രസ്സും പാകിസ്ഥാനുവേണ്ടി മുസ്ലീംലീഗും നിലകൊണ്ടതുമൂലം പ്രശ്നപരിഹാരമുണ്ടായില്ല.

1946 മെയ്മാസത്തിൽ സർ സ്റ്റാഫോർഡ് ക്രിപ്സ് പുതിയ നിർദ്ദേശങ്ങളുമായി വന്നു. ഇടക്കാല സർക്കാർ ഉണ്ടാക്കുവാനും ഭരണഘടനാ നിർമ്മാണ സമിതിയെ തെരഞ്ഞെടുക്കുവാനും അദ്ദേഹം ആവശ്യപ്പെട്ടു. ജൂലൈയിൽ ഭരണഘടനാ സമിതി തെരഞ്ഞെടുപ്പു നടന്നു.

1946 സെപ്തംബർ 2-ന് നെഹ്റുവിന്റെ നേതൃത്വത്തിൽ ഇടക്കാല ഗവൺമെന്റുണ്ടായി. ഡിസംബറിൽ ഭരണഘടനാസമിതിയും ചേർന്നു. കോൺഗ്രസും മുസ്ലീംലീഗുമായുള്ള ബന്ധം ഇതിനകം കൂടുതൽ മോശമായി.

1947 ജൂലൈമാസത്തിൽ ബ്രിട്ടീഷ് പാർലമെന്റ് ഇൻഡ്യ സ്വാതന്ത്ര്യ നിയമം പാസ്സാക്കി. 1947 ആഗസ്ത് 14-ന് അർദ്ധരാത്രി ഭരണഘടനാ നിർമ്മാണസഭയുടെ പ്രത്യേക ചടങ്ങിൽ വച്ച് ഇൻഡ്യ,പാകിസ്ഥാൻ എന്നീ രണ്ടു സ്വാതന്ത്ര്യരാഷ്ട്രങ്ങൾ ഉണ്ടായതായി പ്രഖ്യാപിക്കപ്പെട്ടു. ദീർഘകാലത്തെ അടിമത്തത്തിൽ നിന്നു മോചനം നേടി ഏകീകൃതവും സ്വാതന്ത്ര്യവുമായ ഭാരതം ഉയിർത്തെഴുന്നേറ്റു.

ഗാന്ധിജിയുടെ രംഗപ്രവേശം ദേശീയപ്രസ്ഥാനത്തിന്റെ രൂപഭാവങ്ങളിൽ പരിവർത്തനം വരുത്തി. ഇൻഡ്യയൊട്ടാകെ ഒരു പുതിയ കാറ്റും വെളിച്ചവും വീശികൊണ്ടായിരുന്നു, അദ്ദേഹത്തിന്റെ ആഗമനം എന്നു ജവഹർലാൽ നെഹ്റു അനുസ്മരിച്ചിട്ടുണ്ട്.[24] കോൺഗ്രസ്സിനെ ഒരു ജനകീയ സംഘടനയാക്കാനദ്ദേഹം ശ്രദ്ധിച്ചു. കർഷകനും തൊഴിലാളിക്കുമെല്ലാം കോൺഗ്രസിൽ അംഗത്വം ലഭിക്കുമാറ് നിയമഭേദഗതി വരുത്തുവാനദ്ദേഹം പ്രേരിപ്പിച്ചു.[25] ശിഥിലീകൃതമായിരുന്ന ഭാരതത്തെ ജനസാമാന്യത്തിന്റെ ശക്തികൊണ്ടു പുനഃസൃഷ്ടിക്കുകയാണദ്ദേഹം ചെയ്തതു്.

നൂറ്റാണ്ടുകളായി അടിമത്തത്തിലാണ്ടുകിടന്ന ജനതയെ നിർഭയത്വത്തിലേക്കു നയിച്ചു, ഗാന്ധിജി. സത്യസന്ധതയും ചിത്തശുദ്ധിയും ത്യാഗബുദ്ധിയും ശീലിച്ച് ആത്മീയപ്രഭാവം ഉൽകൃഷ്ടമാകുംപോൾ സംജാതമാകുന്ന നിർഭയതയാണദ്ദേഹം ഉപദേശിച്ചതും പരിശീലിപ്പിച്ചതും. സത്യാഗ്രഹം

എന്ന നൂതനസമരമാർഗം ഈ മനോഭാവത്തിലധിഷ്ഠിതമായിരുന്നു. ഇടയ്ക്ക് പരാജയങ്ങളുണ്ടായപ്പോഴും അനുയായികൾ പിൻമാറിയപ്പോഴും അദ്ദേഹം സത്യാഗ്രഹത്തിലടിയുറച്ച് വിജയം നേടി. ലോകചരിത്രത്തിൽ ഇന്ത്യയുടെ സ്വാതന്ത്ര്യസമരം മഹിതമായ സ്ഥാനം നേടുന്നതും ഈ സവിശേഷതയാലാണ്.

ഇന്ത്യയിലെ വിവിധ സമുദായങ്ങൾ തമ്മിൽ സൗഹാർദ്ദം വളർത്തുവാൻ ഗാന്ധിജി നടത്തിയ ശ്രമങ്ങൾ അനൈക്യത്തിന്റെ അടിസ്ഥാനകാരണങ്ങളിലൊന്നിനെ നേരിടുന്നതിനു സഹായിച്ചു. ബ്രിട്ടീഷ് ആധിപത്യകാലത്തു തന്ത്രശാലികളായ ഭരണകർത്താക്കൾ ഇന്ത്യയെ ശിഥിലീകരിക്കാൻ സാമുദായികഭിന്നത വളർത്തി. ഇന്ത്യയിലെ പ്രബല സമുദായങ്ങളായ ഹിന്ദുക്കളെയും മുസ്ലീമുകളെയും തമ്മിൽ ഭിന്നിപ്പിക്കുന്നതിൽ അവർ വിജയിക്കുകയും ചെയ്തു. അത് ഇന്ത്യയുടെ വിഭജനത്തിൽ വരെ ചെന്നെത്തിയെങ്കിലും ഒരു വിഭാഗം മുസ്ലീമുകൾ മാത്രമേ പിരിഞ്ഞുപോകുവാൻ സന്നദ്ധരായുള്ളൂ എന്നത് ഗാന്ധിജിയുടെ നേതൃത്വത്തിൽ അവർക്കുണ്ടായ വിശ്വാസത്തിന് നിദർശനമാണ്. മുസ്ലീങ്ങൾക്കെന്നപോലെ മറ്റു ന്യൂനപക്ഷങ്ങൾക്കും ദേശീയധാരയിൽ അഭയം കണ്ടെത്തുവാൻ ഗാന്ധിജിയുടെ സമീപനം സഹായകമായി.

ഇന്ത്യയിലെ ജനങ്ങളിൽ പകുതിയോളം പേർ അധഃകൃതരായി കഴിയേണ്ടി വന്ന ലജ്ജാകരമായ അവസ്ഥയ്ക്കെതിരായി ഗാന്ധിജി പോരാടി. അയിത്തോച്ചാടനത്തിലൂടെയും ഹരിജനോദ്ധാരണത്തിലൂടെയും അതുവരെ അവഗണിക്കപ്പെട്ടിരുന്ന ആ ജനസമൂഹത്തെക്കൂടി ദേശീയധാരയിലേക്കു കൊണ്ടുവരുവാൻ ഗാന്ധിജിക്ക് കഴിഞ്ഞു.

സ്വാതന്ത്ര്യപ്രാപ്തിക്കു മുൻപു തന്നെ ഇൻഡ്യയുടെ സമ്പദ്ഘടനയെപ്പറ്റി ചിന്തിച്ചിരുന്നു ഗാന്ധിജി. ഖാദി, കുടിൽ വ്യവസായം, കൃഷി, ഗോസംരക്ഷണം മുതലായവയാണ് ഭാരതത്തിന്റെ സാമ്പത്തിക മുക്തിമാർഗ്ഗം എന്ന് അദ്ദേഹം കണ്ടെത്തി. ഗ്രാമങ്ങളുടെ ഉയിർത്തെഴുന്നേല്പു ഈ മാർഗ്ഗത്തിലൂടെ സാദ്ധ്യമാകുമെന്നും അദ്ദേഹം അറിഞ്ഞിരുന്നു.

ഗാന്ധിയൻ ചൈതന്യം സങ്കുചിതമായ പ്രാദേശികതകളിൽ നിന്നുള്ള മോചനത്തിനു മാർഗമായി. രാഷ്ട്രഭാഷയായ ഹിന്ദുസ്ഥാനിയുടെ പ്രാധാന്യം വ്യക്തമാക്കിയതോടൊപ്പം ഇൻഡ്യയിലെ പ്രാദേശികഭാഷകളുടെ പ്രാധാന്യം ഊന്നിപ്പറഞ്ഞ ഗാന്ധിജി ഭാഷാപരമായ വിഘടനവാദങ്ങൾ നിരർത്ഥമെന്നു ചൂണ്ടിക്കാട്ടി.

വിഘടിതമായ ഭാരതത്തെ 'സ്വരാജ്യം' എന്ന ഏകലക്ഷ്യത്തിലേക്കടുപ്പിക്കുവാൻ കഴിഞ്ഞു എന്നതാണ്, ഗാന്ധിയുഗത്തിന്റെ ഏറ്റവും മികച്ച നേട്ടം.

രാജാറാം മോഹൻറോയിയിൽ ആരംഭിച്ച് ഗാന്ധിജിയിൽ എത്തിയതും ഇൻഡ്യയെ സ്വാതന്ത്ര്യത്തിലേക്കു നയിച്ചതുമായ ദേശീയപ്രസ്ഥാനത്തിന്റെ സവിശേഷ സ്വഭാവങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം.

**ആത്മീയത**

ഇൻഡ്യയിൽ ദേശീയപ്രബുദ്ധത ആദ്യം പ്രകടമായതു തന്നെ മതപരിഷ്കരണപ്രസ്ഥാനങ്ങളുടെ രൂപത്തിലായിരുന്നു. ദേശീയപ്രസ്ഥാനത്തിന്റെ

പ്രാരംഭകനായ രാജാറാംമോഹൻ റോയി സ്ഥാപിച്ച ബ്രഹ്മസമാജം അതിലൊന്നാമത്തേതാണ്. ഹിന്ദുമതത്തെ സംസ്കരിക്കുകയും ഏകദൈവ വിശ്വാസത്തിലേക്കു നയിക്കുകയുമായിരുന്നു, അദ്ദേഹം. പിൻഗാമി ദേവേന്ദ്രനാഥടാഗോർ വലിയ പരിവർത്തനവാദിയായിരുന്നില്ലെങ്കിലും പിന്നാലെ വന്ന കേശവ് ചന്ദ്രസെൻ കാലാനുസൃതമായ മാറ്റങ്ങൾ മതത്തിൽ ഉണ്ടാവണമെന്നു വാദിച്ചു. മതങ്ങളുടെ ഐക്യത്തിനാണ് ശ്രീരാമകൃഷ്ണപരമഹംസർ ശ്രമിച്ചത്. സ്വാമി ദയാനന്ദ സരസ്വതിയും ആത്മീയ നവോത്ഥാനത്തിന്റെ കാഹളവാദകനായിരുന്നു. ആനി ബസന്റിന്റെ നേതൃത്വത്തിലുള്ള തിയോസഫിക്കൽ സൊസൈറ്റിയും മതങ്ങളുടെ ഐക്യത്തിലൂടെ ദേശീയബോധം വളർത്തുവാൻ പരിശ്രമിച്ചു.

ആത്മീയദേശീയത അവതരിപ്പിച്ച ശ്രീ അരവിന്ദനാകട്ടെ, ഒരു ദേശീയവാദിയാവുകയാണെങ്കിൽ അത് ഒരു മതാനുഷ്ഠാനമായിത്തന്നെ നിർവ്വഹിക്കണം എന്നും, ദേശീയത ദൈവദത്തമായ മതമാണ് എന്നും പഠിപ്പിച്ചു.

ശ്രീരാമകൃഷ്ണ ശിഷ്യനായ സ്വാമി വിവേകാനന്ദനും ആത്മീയശക്തിയിലൂടെ ലോകത്തെ കീഴടക്കുക എന്ന ആശയമാണു നല്കിയത്.

ബങ്കിംചന്ദ്ര ചാറ്റർജി ദേശീയബോധത്തെ മതാത്മകമായ ഒരനുഭൂതിയാക്കി അവതരിപ്പിച്ചു. 'വന്ദേമാതരം' ഗാനം തന്നെ ഈയൊരു ദർശനത്തിന്റെ ആവിഷ്കാരമാണ്.

ബാലഗംഗാധരതിലകൻ 'ഗീതാരഹസ്യം' എന്ന ഭഗവത്ഗീതാ വ്യാഖ്യാനത്തിലൂടെയും ദേശീയബോധത്തിന് ആത്മീയസ്വഭാവം പകർന്നു. കർമ്മയോഗത്തിന് സജീവമായ ഒരു വ്യാഖ്യാനം നല്കിയ 'ഗീതാരഹസ്യം' തത്ത്വചിന്ത

ഷേകാളുപരി ദേശീയ സാഹിത്യമായി പരിഗണിക്കപ്പെടുന്നു.

ഭഗവത്ഗീതാ വ്യാഖ്യാനത്തിൽ തിലകന്റെ മാർഗം തന്നെ ഗാന്ധിജിയും അവലംബിച്ചു. ലക്ഷ്യവും മാർഗവും സംബന്ധിച്ചുള്ള തിലകന്റെ ചിന്താഗതികളോട് വിയോജിച്ചുവെങ്കിലും.

ഗാന്ധിജി നേതൃരംഗത്തു വന്നതോടെ ദേശീയപ്രസ്ഥാനത്തിന് പൂർണ്ണമായും ആത്മീയസ്വഭാവം കൈവന്നു. ഉപനിഷത്തുകളേയും ഭഗവദ്ഗീതയേയും ദേശീയപ്രസ്ഥാനത്തിനനുസൃതമായി വ്യാഖ്യാനിച്ചുകൊണ്ടും ഈശ്വരചിന്തയ്ക്കും ആത്മീയാനുഭവങ്ങൾക്കും പ്രാമുഖ്യം കല്പിച്ചുകൊണ്ടും ഗാന്ധിജി മുൻഗാമികൾ ദേശീയപ്രസ്ഥാനത്തിനു നല്കിയ ആത്മീയതയ്ക്കു കൂടുതൽ ശക്തിപകർന്നു. ഭൗതികവാദത്തിന്റെ അഭാവം ഇൻഡ്യൻ ദേശീയതാവികാസത്തിന്റെ ഒരു പ്രത്യേകതയായി എടുത്തുകാട്ടുന്ന ചിത്രകാരൻമാരുണ്ട്.

**ഭൂതകാലമഹത്വത്തോടുള്ള അഭിമുഖ്യം**

ഭൂതകാലപ്രതാപങ്ങൾ ഉയർത്തിപ്പിടിക്കുക എന്നത് ദേശീയനവോത്ഥാനത്തിന്റെ ഒരു ലക്ഷണമായി ചരിത്രത്തിൽ പൊതുവേ കാണപ്പെടുന്നു. ഫ്രഞ്ച് നവോത്ഥാനത്തിൽ ഈ പ്രവണത ഉണ്ടായിരുന്നു. പ്രാചീന റോമിനെപ്പോലിയനെ സ്വാധീനിച്ചിരുന്നു.

റാം മോഹൻറോയ് മുതലുള്ള നേതാക്കൾ ഭൂതകാലത്തെ മഹത്വീകരിച്ച് മാതൃകയായി അവതരിപ്പിച്ചു. ഗാന്ധിജിയാകട്ടെ ഭൂരിപക്ഷം

T 803

ഭാരതീയർക്കും സുപരിചിതമായ 'രാമരാജ്യ'ത്തിന്റെ പുന:സൃഷ്ടിയി ലൂടെ ഭാരതത്തിന്റെ ഭാവി കരുപ്പിടിപ്പിക്കാം എന്ന് ഉദ്ബോധിപ്പിച്ചു. ജവാഹർലാൽ നെഹ്റു ഭൂതകാലത്തിൽ നിന്ന് 'ഇൻഡ്യയെ കണ്ടെത്തുവാൻ' ശ്രമിച്ചതും സ്മരണീയമാകുന്നു.

ഇൻഡ്യ അടിമരാഷ്ട്രമെന്ന അപമാനകരമായ അവസ്ഥയ്ക്ക് ഒരുപശാന്തി യായി ഭൂതകാലമഹത്ത്വത്തെ കണ്ടെത്തുകയും അതിൽ നിന്ന് ആത്മവിശ്വാസവും പ്രതിയോഗിയെ എതിർക്കുവാനുള്ള ശക്തിയും നേടിയെടുക്കുകയും ചെയ്തു.

## യന്ത്രയുഗത്തോടുള്ള എതിർപ്പ്

യന്ത്രവല്ക്കരണത്തോടുള്ള എതിർപ്പും ഗ്രാമ-കുടിൽ വ്യവസായങ്ങ ളോടുള്ള അഭിമുഖ്യവും ദേശീയപ്രസ്ഥാനത്തിന്റെ മുഖമുദ്രയായി. ഇതിന് മുഖ്യമായി മൂന്നു കാരണങ്ങളുണ്ട്. ഒന്ന്: യന്ത്രങ്ങൾ പാശ്ചാ ത്യാധിപത്യത്തിന്റെ പ്രതീകങ്ങളായി കരുതപ്പെട്ടു. രണ്ട്: സമൂഹത്തെയും തദ്ദേശീയ സംസ്കാരത്തെയും തിരിച്ചറിയുവാനാകാത്തവിധം മാറ്റി മറിക്കുന്ന ഒരു സാമൂഹികപരിവർത്തനത്തിന്റെ മുന്നോടിയായി യന്ത്രങ്ങൾ ചിത്രീകരി ക്കപ്പെട്ടു. മൂന്ന്: യന്ത്രങ്ങൾ നിലവിലിരുന്ന ഗ്രാമീണ സമ്പദ്വ്യവസ്ഥയെ തകർക്കുകയും അപരിഹാര്യമായ സാമ്പത്തികപ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്തു.

ഗാന്ധിജിയാകട്ടെ, ഇതിനെല്ലാം പുറമേ തന്റെ വ്യക്തിപരമായ ദർശനങ്ങളുടെ അടിസ്ഥാനത്തിലും യന്ത്രയുഗത്തോടും വ്യവസായവല്ക്കരണ ത്തോടും കടുത്ത വൈമുഖ്യം പുലർത്തി. യന്ത്രസംസ്കാരവും വ്യവസായ

വല്കരണവും സൃഷ്ടിക്കുന്ന അപമാനവീകരണവും ആത്മീയ ദാരിദ്ര്യവും അദ്ദേഹം എടുത്തുകാട്ടി. യന്ത്രങ്ങൾ ഭൗതികാത്മകസമൂഹത്തിന്റെ ഭാഗമായും യന്ത്രനിരാസം ആത്മീയാധിഷ്ഠിതമായ സമൂഹത്തിന്റെ സ്വഭാവമായും വ്യാഖ്യാനിക്കപ്പെട്ടു.

## സാമൂഹികപരിഷ്കരണയത്നങ്ങൾ

ദേശീയപ്രസ്ഥാനം പ്രാരംഭകാലം മുതൽ സാമൂഹിക അനാചാരങ്ങൾക്കെതിരേയുള്ള സമരം കൂടി ഉൾക്കൊണ്ടിരുന്നു. 1829-ൽ സതി നിർത്തലാക്കുവാൻ ഗവൺമെന്റിനെ പ്രേരിപ്പിക്കുന്നതിന് റാം മോഹൻ റോയിക്കു കഴിഞ്ഞു. സതി നിർത്തലാക്കിയതോടെ വിധവകളുടെ സംഖ്യ വർദ്ധിച്ചതിനാൽ വിധവാ പുനർവിവാഹത്തിനുള്ള ശ്രമങ്ങൾ ഈശ്വരചന്ദ്ര വിദ്യാസാഗറുടെ നേതൃത്വത്തിൽ നടന്നു. ബഹുഭാര്യാത്വത്തിനെതിരായും മദ്യപാനത്തിനെതിരായും അദ്ദേഹം സമരം നയിച്ചിരുന്നു. റാനഡേ നേതൃത്വം നൽകിയ പ്രാർത്ഥനാ സമാജവും ഈദൃശ പ്രവർത്തനങ്ങളിലേർപ്പെട്ടു. ഈ പ്രവർത്തനങ്ങളെല്ലാം മേലേക്കിടയിലുള്ള ഹൈന്ദവർക്കിടയിൽ മാത്രമായിരുന്നു.

ഗാന്ധിജി നേതൃത്വമേറ്റതോടെ സ്ഥിതി മാറി. നാളെയുടെ മനുഷ്യസമൂഹത്തെ അദ്ദേഹം വരച്ചുകാട്ടുകയും അതിന്റെ സാക്ഷാത്കാരത്തിനായി അനവരതം ശ്രമിക്കുകയും ചെയ്തു. ആ കർമ്മപദ്ധതിക്ക് 'നിർമ്മാണപരിപാടികൾ' എന്നാണദ്ദേഹം പേരു നല്കിയത്. സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ അസമത്വങ്ങൾക്കെതിരായി അസ്വതന്ത്രജനത നടത്തിയ പോരാട്ടങ്ങളായിരുന്നു, ആ പരിപാടികൾ. ചുരുക്കത്തിൽ അതൊരു സാമൂഹിക വിപ്ലവത്തിനുള്ള ആഹ്വാനമായിരുന്നു.

'നിർമ്മാണപരിപാടികൾ-അതിന്റെ അർത്ഥവും പ്രാധാന്യവും' എന്ന ലഘുലേഖയിലൂടെ 1941-ൽ പതിനെട്ടിന പരിപാടികളാണു ഗാന്ധിജി അവതരിപ്പിച്ചതു്.

മതസൗഹാർദ്ദം, അയിത്തോച്ചാടനം, മദ്യനിരോധനം, ഖാദി, കുടിൽ വ്യവസായങ്ങൾ, ഗ്രാമീണശുചിത്വം, അടിസ്ഥാനവിദ്യാഭ്യാസം, വയോജന വിദ്യാഭ്യാസം, ആരോഗ്യരക്ഷ, സ്ത്രീക്ഷേമം, കർഷകക്ഷേമം, ആദിവാസിക്ഷേമം, തൊഴിലാളിക്ഷേമം, പ്രാദേശികഭാഷാപോഷണം, രാഷ്ട്രഭാഷാപോഷണം, കുഷ്ഠരോഗനിവാരണം, വിദ്യാർത്ഥിക്ഷേമം എന്നീസമസ്തതല സ്പർശിയായ കർമ്മപരിപാടികളിലൂടെ ദേശീയപ്രസ്ഥാനത്തെ ഒരു സാമൂഹിക പരിവർത്തന പരിപാടിയും പൊതുജന വിദ്യാഭ്യാസ പരിപാടിയുമാക്കി മാറ്റുവാൻ ഗാന്ധിജിക്കു സാദ്ധ്യമായി. പാരതന്ത്ര്യമോചനം എന്ന നിരാസാത്മക സങ്കല്പത്തിലൊതുങ്ങാതെ അധിഗുണവിശേഷങ്ങളുള്ള ഒന്നായി സ്വാതന്ത്ര്യസമരം രൂപാന്തരപ്പെട്ടു.

**ആദർശോന്മുഖത**

സത്യം, അഹിംസ, തുടങ്ങിയ ആദർശങ്ങളിൽ അധിഷ്ഠിതമായിരുന്നു, ഇൻഡ്യയുടെ സ്വാതന്ത്ര്യസമരം എന്നതു സർവ്വവിദിതമത്രേ. ഗാന്ധിജിയുടെ നായകത്വമാണു്, ഇതിനും കാരണമായതു്. സത്യാഗ്രഹം എന്ന സമരായുധമാണു് സ്വാതന്ത്ര്യം നേടുവാനുപയോഗിച്ചതു്. ഗാന്ധിജിയുടെ വീക്ഷണത്തിലുള്ള സത്യാഗ്രഹം പ്രതിയോഗിയുടെ മന:പരിവർത്തനത്തിനുള്ള ആയുധവും

സമരഭടന്റെ ആത്മശുദ്ധീകരണത്തിനുള്ള ഉപാധിയും ആണ്.

അക്രമവും രക്തച്ചൊരിച്ചിലും പൂർണ്ണമായി ഒഴിവാക്കുവാൻ കഴിഞ്ഞില്ലെങ്കിലും അതേറെയും പരിമിതപ്പെടുത്തുവാൻ ഗാന്ധിജിയുടെ നേതൃത്വത്തിനു സാദ്ധ്യമായി.

ഇൻഡ്യയുടെ സ്വാതന്ത്ര്യസംപാദനം ഒരു നിസ്തുല പ്രതിഭാസമാണ്. അത് പുരോഗതിയുടെ ഓരോ ഘട്ടത്തിലും എതിർകക്ഷികളുടെ അക്രമണത്തിനെന്നപോലെ, സ്വന്തം അവിവേകത്തിനുമെതിരായ പ്രസ്ഥാനമായിരുന്നു. ധാർമ്മികമായ ഒരു അടിത്തറയിലധിഷ്ഠിതമായിരുന്നു, ഇൻഡ്യയുടെ സ്വാതന്ത്ര്യസമരം.

## ബ്രിട്ടീഷ്സാമ്രാജ്യത്വ വിരോധം

ദേശീയപ്രസ്ഥാനത്തിന് ജനകോടികളെ ഒരേ ലക്ഷ്യത്തിലേക്ക് ഏകോപിപ്പിക്കുവാൻ കഴിഞ്ഞതിന്റെ പിന്നിൽ ബ്രിട്ടീഷ് സാമ്രാജ്യത്വവിരോധം എന്ന വികാരവുമുണ്ടായിരുന്നു. ലോകചരിത്രത്തിൽ ദേശീയബോധം ഉണർന്നുവരുന്ന മിക്ക സന്ദർഭങ്ങളിലും ഒരു ശത്രുവിനെ നേരിടുക എന്ന ലക്ഷ്യം മുന്നിലുണ്ടായിരുന്നതായി പറയപ്പെടുന്നു. സ്വാതന്ത്ര്യസമരങ്ങളിൽ ഇത് അനിവാര്യമാകുന്നതായും ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്.

സത്യാഗ്രഹസമരത്തിൽ പ്രതിയോഗിയോട് ശത്രുതയുണ്ടാകരുതെന്നു ഗാന്ധിജിക്ക് നിർബന്ധപൂർവ്വമായ നിഷ്ഠയുണ്ടായിരുന്നു. അതിനാൽ നമുക്കു ബ്രിട്ടീഷ് ജനതയോടല്ല വിരോധം, ബ്രിട്ടീഷ് സാമ്രാജ്യത്വത്തോടാണ് എന്നദ്ദേഹം അനുസ്മരിപ്പിച്ചിരുന്നു.

**സാർവ്വദേശീയത**

ദേശീയത പലപ്പോഴും മാനവികതയ്ക്കു വിരുദ്ധമാകാറുണ്ട്. ദേശീയത ലോകചരിത്രത്തിൽ ഇങ്ങനെ സങ്കുചിതമായിപ്പോയിട്ടുണ്ടെങ്കിലും ഇൻഡ്യയുടെ ദേശീയപ്രസ്ഥാനം വ്യത്യസ്തമായിരുന്നു. വിവേകാനന്ദൻ, ടാഗോർ, ഗാന്ധിജി, നെഹ്റു തുടങ്ങിയ നായകൻമാർ വിശ്വമാനവികതയെ സ്വപ്നം കണ്ടിരുന്നവരും ഭാരതത്തിന്റെ സ്വാതന്ത്ര്യം സാർവ്വദേശീയതയുടെ വളർച്ചയ്ക്കു വഴി തുറക്കുമെന്നു പ്രത്യാശിച്ചവരുമാണ്. തന്റെ ശത്രുക്കളുൾപ്പെടെ ലോകത്തെവിടെയുമുള്ള മനുഷ്യരുടെ നേരെ തുറന്നൊഴുകുന്ന സ്നേഹമാണ് ഗാന്ധിജിയുടെ സാർവ്വലൗകിക വീക്ഷണത്തെ രൂപപ്പെടുത്തിയത്.

**സ്വാതന്ത്ര്യബോധം**

സ്വാതന്ത്ര്യബോധമായിരുന്നു, ദേശീയപ്രസ്ഥാനത്തിന്റെ അന്തശ്ചോദന. ആരംഭകാലത്തു് മതപരമായ നവോത്ഥാനത്തിനുപ്രേരണ നല്കിയ സ്വാതന്ത്ര്യബോധം പില്ക്കാലത്തു് വിവിധ ജീവിതമേഖലകളിൽ നിലനിന്നിരുന്ന ആചാരങ്ങളിൽ നിന്നും അന്ധവിശ്വാസങ്ങളിൽ നിന്നും മോചനം നേടുവാൻ പ്രേരകമായി. അതു് ഭാരതത്തിനു രാഷ്ട്രീയ സ്വാതന്ത്ര്യം നേടുന്നതിനുള്ള ശക്തിയായും വർത്തിച്ചു.

**കുറിപ്പുകൾ**

1. Cited by John Morrison - New Indeas in India During 19th century - (Sameer Prakashan Chandigarh. 1977,) p.42.

2. അതിൽത്തന്നെ. അതേ പുറം.

3. ഏ.ആർ. ദേശായി-ഇൻഡ്യൻ ദേശീയതയുടെ സാമൂഹ്യപശ്ചാത്തലം. പരിഭാഷ: കെ. ശ്രീകുമാരൻ ഉണ്ണി. (കേരള ഭാഷാ ഇൻസ്ടിട്യൂട്ട്, തിരുവനന്തപുരം, 1989) പു. 6.

4. അതിൽത്തന്നെ. അതേ പുറം.

5. കാളിദാസൻ. 'രഘുവംശം'. പ്രഥമ: സർഗ്ഗ: ശ്ലോകം 5 കാളിദാസകൃതികൾ (എഡി: എൻ.വി. കൃഷ്ണവാരിയർ) സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം, 1981. പുറം - 74.

6. ഭാരതമഹച്ചരിത്രം. ആർ.സി. മജുംദാർ, എച്ച്.സി.റായ് ചൗധരി ആൻറ് കാളികിങ്കർ ദത്ത. പരിഭാഷ: തായാട്ട് ശങ്കരൻ. (കേരള ഭാഷാ ഇൻസ്ടിട്യൂട്ട്, തിരുവനന്തപുരം, 1975) പുറം - 957.

7. ഏ.ആർ. ദേശായി - ഇൻഡ്യൻ ദേശീയതയുടെ സാമൂഹ്യപശ്ചാത്തലം. പുറം - 201.

8. പ്രൊഫ.കെ.കുഞ്ഞിപ്പക്കി - പ്രൊഫ.പി.കെ. മുഹമ്മദ് അലി ഇൻഡ്യാചരിത്രം. ഭാ.2, (കേരള ഭാഷാ ഇൻസ്ടിട്യൂട്ട്, തിരുവനന്തപുരം, 7-ാം പതിപ്പ്, 1985 ജൂൺ.) പു. 234.

9. കെ. ദാമോദരൻ - ഭാരതീയചിന്ത. (കേരള ഭാഷാ ഇൻസ്ടിട്യൂട്ട്, തിരുവനന്തുപുരം, 3-ാം പതിപ്പ്, 1988 ജൂൺ.) പു. 503.

10. അതിൽത്തന്നെ. പു. 512, 513

11. വിവേകാനന്ദ സാഹിത്യസംഗ്രഹം - ശ്രീരാമകൃഷ്ണമഠം. പുറനാട്ടുകര, 2-ാം പതിപ്പ്, 1988. പു. 347, 48.

12. സുകുമാർ അഴീക്കോട് - 'വിവേകാനന്ദനും ഇൻഡ്യയുടെ സ്വാതന്ത്ര്യവും'. തത്ത്വവും മനുഷ്യനും. (ഡി.സി. ബുക്സ്, കോട്ടയം, 1986.) പു. 295.

13. Jawaharlal Nehru. The Discovery of India
N. Delhi. Javaharlal Nehru Memorial Fund, Teen Murti
House. 9th En. 1989. p. 341.

14. ഡോ: കെ. വേലായുധൻ നായർ. അരവിന്ദദർശനം. (ഡി.സി.ബുക്സ്, കോട്ടയം. 2-ാം പതിപ്പ്. 1988.)

പു. 81

15. സുകുമാർ അഴീക്കോട്. 'വിവേകാനന്ദനും ഇൻഡ്യയുടെ സ്വാതന്ത്ര്യവും' തത്വവും മനുഷ്യനും.

പു. 291.

16. കെ.എം. പണിക്കർ. 'അവതാരിക'. എസ്.കെ. ഘോസ് ഈശ്വരചന്ദ്ര വിദ്യാസാഗർ. (നാഷനൽ ബുക്ട്രസ്റ്റ്, ദൽഹി, 1976.)

പു. 2

17. Jawaharlal Nehru. The Discovery of India. p. 323

18. മൻമഥനാഥ് ഗുപ്ത. കോൺഗ്രസിന്റെ നൂറുവർഷം. പരിഭാഷ പി.കെ.പി. കർത്താ. (ഡി.സി. ബുക്സ്, കോട്ടയം, 1985.)

പു. 60.

19. Wolpert. S.A. Tilak And Gokhale (University of California Press. 1962.) pp 24-27, 129.

20. Gandhi. M.K. Hind Swaraj .(Navajeevan publishing House, Ahamedabad. 7th Edn. 1982.) p. 25.

21. മൻമഥനാഥഗുപ്ത - കോൺഗ്രസിന്റെ നൂറുവർഷം. പു. 146.

22. റൊമേൻ റോളണ്ട് - മഹാത്മാഗാന്ധി. വിവർത്തനം. കേസരി ബാലകൃഷ്ണപിള്ള മാതൃഭൂമി പബ്ലിഷിംഗ് കമ്പനി, കോഴിക്കോട് 1986. പു. 75.

23. Jawaharlal Nehru - The Discovery of India p. 360.

24. "അതിനുശേഷം ഗാന്ധിജി വന്നു. ഞങ്ങൾക്കു കൈകാലുകൾ വിടർത്തി നെടുതായി ശ്വസിക്കുവാനുതകുന്ന ശുദ്ധവായുവിന്റെ ഒരു പ്രവാഹവും, ഇരുട്ടിനെ തുളച്ചു കീറുകയും ഞങ്ങളുടെ കണ്ണുകളിലെ തിമിരത്തെ നീക്കിക്കളയുകയും ചെയ്യുന്ന പ്രകാശരശ്മിയും, മനുഷ്യമനസ്സുകളുടെ വ്യാപാരങ്ങളുടെ പലതിനേയും കീഴ്മേൽ മറിക്കുന്ന ചുഴലിക്കാറ്റും ആയിരുന്നു, അദ്ദേഹം".

Jawaharlal Nehru. _The Discovery of India_. p. 358

25. അതിൽത്തന്നെ. പുറം. 360.